വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2022
ജനുവരി

# കയർ വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)



എഡിറ്റോറിയൽ

## പ്ലാസ്റ്റിക് വിരുദ്ധയുദ്ധത്തിൽ അണിചേരുക

## പ്രകൃതി സൗഹൃദ കോക്കോപോട്ടും വിപണനവും

Coirfed

District :

Name of Customer :

Address :

Mobile No :

Distributed by :

Item Purchased : Mattres ☐ Mats ☐ PVC Mats ☐

Bill No :

Date :

Amount :

showroom Name :

Agency Name :

Coir Champion Name :

Coir Champion No :


ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം.



* ഈ ഓഫർ നിബന്ധനകൾക്ക് വിധേയം

# കയറിന് ഒരു കൈത്താങ്ങ്

കേരളത്തിന്റെ തനതു പരമ്പരാഗത വ്യവസായമായ കയറിന്റെ പുനരുദ്ധാരണത്തിനായി രണ്ടാം കയർ പുനഃസംഘടനാ പദ്ധതി കേരള സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി കയർ ഉത്പന്നങ്ങളുടെ വിപണനത്തിനായി കയർഫെഡ് അവതരിപ്പിക്കുന്ന പുതുവർഷ സ്വർണ്ണമഴ പദ്ധതിയിൽ എല്ലാകേരളീയരും പങ്കെടുത്ത് കയർഫെഡിന്റെ കേരളത്തിലുടനീളമുള്ള ഷോറൂമുകളിൽ നിന്നും കയർ ഉത്പന്നങ്ങൾ വാങ്ങി കയർഫെഡിന്റെ കൂപ്പൺ പദ്ധതി വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## കയർഫെഡിന്റെ പുതുവർഷ സ്വർണ്ണമഴ

## കയർഫെഡ് പുതുവർഷ 40% ഡിസ്കൗണ്ട് കൂപ്പൺ

- കൂപ്പൺ മുഖ വില – MRP വില
- ഉപഭോക്താവ് ഷോറൂമിൽ നൽകേണ്ട കൂപ്പൺ വില MRPയിൽ നിന്നും 40% കുറച്ച തുക + ഉത്പന്നത്തിന്റെ GST

2021 ഡിസംബർ 6 മുതൽ 2022 മാർച്ച് 7 വരെ

ഒരു വീട്ടിൽ ഒരു കയർ ഉൽപന്നം



Mats



Tufted Mats



Cozy Mattress

* Prices are Subject to Change



Coirfed

THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.
No.679, P.B.No.4616, Alappuzha,Kerala, India Tel: 0477 2243627, 2243628 , 2243629
Email: coirfedho@gmail.com, mdcoirfed@gmail.com, Website: www.coirfed.in


## കയർഫെഡിന്റെ പുതുവർഷ സ്വർണ്ണമഴ

### പദ്ധതി വിവരങ്ങൾ

കൂപ്പൺ പദ്ധതി - കയർഫെഡ് ഷോറൂമുകളിൽ നിന്നും ₹2000മോ അതിലധികമോ MRP വിലയുള്ള ഉത്പന്നങ്ങൾ വാങ്ങുമ്പോൾ കൂപ്പൺ നൽകി MRP വിലയിൽ നിന്നും 40% ഡിസ്കൗണ്ട് ലഭിക്കുന്നതാണ്. ഡിസ്കൗണ്ട് കഴിച്ച് ഉള്ള വിലയിൽ ഉത്പ്പന്നത്തിന്റെ GST ഉപഭോക്താവ് പ്രത്യേകം നൽകേണ്ടതാണ്. ഓരോ ഉത്പ്പന്നങ്ങൾക്കുമുള്ള GST അതാത് സ്ലാബ് അനുസരിച്ച് നൽകേണ്ടതാണ്. ഈ കൂപ്പണുകൾ താഴെപ്പറയുന്ന MRP പരസ്യപ്പെടുത്തിയ ഉൽപ്പന്നശ്രേണികൾക്ക് മാത്രം ബാധകം.

| മെത്തകൾ | കയർ മാറ്റ്സ് | ടഫ്റ്റഡ് മാറ്റ്സ് |
|---|---|---|
| MRP യിൽ നിന്നും 40% ഡിസ്കൗണ്ട് + Tax 18% | MRP യിൽ നിന്നും 50% ഡിസ്കൗണ്ട് + Tax 5% | MRP യിൽ നിന്നും 50% ഡിസ്കൗണ്ട്+ Tax12% |

കൂപ്പൺ നറുക്കെടുപ്പിലൂടെ വിജയികൾക്ക് താഴെ പറയുന്ന സമ്മാനങ്ങൾ സ്വന്തമാക്കാവുന്നതാണ്.

| | |
|---|---|
| 1st Prize | : 24 ഗ്രാം ഗോൾഡ് കോയിൻ (3 പവൻ) |
| 2nd Prize | : 16 ഗ്രാം ഗോൾഡ് കോയിൻ (2 പവൻ) |
| 3rd Prize | : 8 ഗ്രാം ഗോൾഡ് കോയിൻ (1 പവൻ വീതം 2 പേർക്ക്) |
| സമാശ്വാസ സമ്മാനം | : 1 ഗ്രാം ഗോൾഡ് വീതം 100 പേർക്ക് |

*Conditions apply

- ₹2000മോ അതിലധികമോ MRP ഉള്ള ഉത്പ്പന്നങ്ങൾ വാങ്ങുമ്പോൾ മാത്രമാണ് കൂപ്പൺ സ്കീം ഓഫർ ലഭിക്കുന്നത്.
- കയർഫെഡ് ഷോറൂമുകളിൽ നിന്നുള്ള ഒരു ബില്ല് നമ്പറിന് ഒരു കൂപ്പൺ മാത്രമേ ഉപയോഗിക്കാൻപാടുള്ളു.
- പൂരിപ്പിച്ച കൂപ്പൺ നൽകുമ്പോൾ മാത്രമേ MRP വിലയിൽ നിന്നും 40% ഡിസ്കൗണ്ട് + GST ഓഫർ ലഭ്യമാകുകയുള്ളു.
- ഉത്പ്പന്നങ്ങൾ വാങ്ങുന്നതിനായി ഉപഭോക്താവിന് ഒന്നിലധികം കൂപ്പണുകൾ ഉപയോഗിക്കാവുന്നതാണ്.
- കൂപ്പൺ സ്കീമിൽ അല്ലാതെയും ഷോറൂമുകളിൽ നിന്നും സാധാരണ വിലയിൽ ഉത്പ്പന്നങ്ങൾ വാങ്ങാവുന്നതാണ്.
- കൂപ്പൺ സ്കീമിനെ സംബന്ധിച്ച് അന്തിമതീരുമാനം കയർഫെഡിന്റെതാണ്.
- കൂപ്പൺ സ്കീമുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന തർക്കങ്ങൾ ആലപ്പുഴ കോടതിയുടെ അധികാരപരിധിക്ക് മാത്രം വിധേയമായിരിക്കും.
- സർക്കാർ ഉദ്യോഗസ്ഥർക്ക് ആകർഷകമായ പലിശരഹിത തവണ (5 മാസം) വ്യവസ്ഥകൾ ലഭ്യമാണ് – (Spark മുഖാന്തരം)

### തൊട്ടടുത്ത കയർഫെഡിന്റെ ഷോറൂം സന്ദർശിക്കുക!

Head Office. No : +91 8281009840, +91 8281009828, +91 9495605091 | Alappuzha : 8281009856 | Kayamkulam : 8281009850 | Chengannur : 8281009854 | Mavelikkara : 8281009852 | Nangiyarkulangara : 8281009853 | Kanichukulangara : 9400725013 | Ernakulam : 8281009858 | Kannur : 8281009864 | Kollam : 8281009849 | Parippally : 8281009848 | Kottayam : 8281009857 | Kozhikode : 8281009863 | Pathanamthitta : 8281009873 | Palakkad : 8281009826 | Sulthan Batherry : 8281009865 | Thrissur : 8281009860 | Chalakkudy : 8281009859 | Tirur : 8281009861 | Trida (Tvm) : 8281009846 | Ananthapuri (Tvm) : 8281009847 | Narmada (Tvm) : 8281009845 | Sreekaryam (Tvm) : 9349109251

കയർ
വ്യവസായം

# ഉള്ളടക്കം

**Vol-5, No.-6**
Established in 1998

Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**V.R. Vinod IAS**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**

PAGE 06



PAGE 15

പൊതുമേഖലാ
ഉത്പന്നങ്ങൾക്കായി
ഇ-കോമേഴ്സ്

PAGE 19

വികസന
പദ്ധതികളുമായി
മുന്നോട്ട്

PAGE 20

കേരള വികസനവും
കെ. റെയിൽ
വിരുദ്ധതയുടെ
യാഥാർത്ഥ്യങ്ങളും

PAGE 22

കോവിഡാനന്തര
വെല്ലുവിളികൾ നേരിടാൻ
ഭാവനാപൂർണ്ണമായ
പദ്ധതികൾ വേണം

ലേഖകരുടെ അഭിപ്രായങ്ങൾ
കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ
ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**





# എഡിറ്റോറിയൽ

## പ്ലാസ്റ്റിക് വിരുദ്ധയുദ്ധത്തിൽ അണിചേരുക

**പ്ലാ**സ്റ്റിക് മലിനീകരണത്തെ നേരിടാതെ മനുഷ്യരാശിക്ക് ഇനി ഒരു അടി മുന്നോട്ട് പോകാനാകില്ല. ഭൂമിയിൽ ജീവന്റെ നിലനിൽപ്പിനെ ചോദ്യം ചെയ്യുന്ന ഈ യഥാർത്ഥ്യത്തെ തന്നാലാവും വിധം നേരിടേണ്ടത് ഇന്ന് ഒരോരുത്തരുടേയും അടിയന്തിര കടമയായി മാറിയിരിക്കുന്നു. ആ ഉത്തരവാദിത്വം ഏറ്റെടുത്താണ് കുറച്ചു നാളുകൾക്ക് മുൻപ് കയർഫെഡ് കൊക്കോ പോട്ട് എന്ന പേരിൽ വിപണി മൂല്യമുള്ള ഒരു പ്രകൃതി സൗഹൃദ ഉത്പന്നം വിപണിയിലിറക്കിയത്. എന്നാൽ, ജൈവ വിഘടനം സംഭവിച്ച് മണ്ണിൽ പൂർണ്ണമായും അലിഞ്ഞു ചേരുന്ന ഈ ചെടിച്ചട്ടികൾ ഇനിയും കേരളത്തിൽ വ്യാപകമായി ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. വനം വകുപ്പും കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്ലാസ്റ്റിക് നിർമ്മിത ഗ്രോബാഗുകളിൽ ആണ് വൃക്ഷത്തൈകളും പച്ചക്കറി തൈകളും വിതരണം നടത്തി വരുന്നത്.

ഈ സാഹചര്യത്തിൽ കയർഫെഡ് പ്രസിഡന്റ് എന്ന നിലയിൽ ഞാൻ നൽകിയ അപേക്ഷ പരിഗണിച്ച്, തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ കയർ വ്യവസായത്തിന് കൈത്താങ്ങായി ഒരു സുപ്രധാന ഉത്തരവ് പുറപ്പെടുവിച്ച വിവരം സസന്തോഷം അറിയിക്കട്ടെ. ഇത്തരത്തിൽ സർക്കാർ തീരുമാനമെടുക്കുന്നതിൽ രണ്ടാം പിണറായി സർക്കാരിൽ കയർ വകുപ്പിന്റെ കൂടി ചുമതല വഹിക്കുന്ന വ്യവസായ മന്ത്രി പി. രാജീവിന്റെ സഹായവും പിൻതുണയും എടുത്തു പറയേണ്ടതാണ്.

ജൈവ പച്ചക്കറിയും കൃഷിയും മറ്റും നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പ്ലാസ്റ്റിക് ഗ്രോബാഗുകൾക്കും കവറുകൾക്കും പകരം കയർഫെഡ് നിർമ്മിക്കുന്ന പ്രകൃതിസൗഹൃദ ചെടിച്ചട്ടിയായ കൊക്കോ പോട്ട് ടെൻഡർ കൂടാതെ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് മാനുവലിൽ ആവശ്യമായ ഭേദഗതികൾ വരുത്തി കൊണ്ടാണ് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. (സർക്കാർ ഉത്തരവ് നമ്പർ. 10.01.2022 ലെ സ.ഉ. (സാധാ) നം. 52/2022/ത.സ്വ.ഭ.വ).

ചകിരിനാരും പ്രകൃതിദത്ത ലാറ്റക്സും ചേർത്താണ് കയർഫെഡ് പ്രകൃതി സൗഹൃദ ചെടിച്ചട്ടിയായ കൊക്കോപോട്ട് നിർമ്മിക്കുന്നത്. ഈ പ്രകൃതി സൗഹൃദ ചെടിച്ചട്ടിയിൽ ചകിരിച്ചോറ് നിറച്ച്, ജൈവ പച്ചക്കറി കൃഷിയും പുഷ്പകൃഷിയും മറ്റും നടത്തിയാൽ വെള്ളത്തിന്റെ വിനിയോഗം മൂന്നിലൊന്നായി കുറയും. വെള്ളം പിടിച്ചു നിർത്താനുള്ള ചകിരിച്ചോറിന്റെ ശാസ്ത്രീയമായ ശേഷി കാരണം ലോകത്താകമാനം മണ്ണിന് ബദലായി ചകിരിച്ചോറ് ഉപയോഗിച്ചുള്ള കൃഷി വ്യാപകമാവുകയാണ്. ഈ സാധ്യതകൾ പ്രയോജനപ്പെടുത്തുകയാണെങ്കിൽ അത് നമ്മുടെ കാർഷിക മേഖലയ്ക്കും കയർ മേഖലക്കും പരിസ്ഥിതിക്കും വലിയ കൈത്താങ്ങായിരിക്കുമെന്ന് നിസംശയം പറയാം.

വികേന്ദ്രീകൃത ഖരജൈവ മാലിന്യനിർമ്മാർജ്ജന രംഗത്ത് കയർഫെഡിന്റെ കൊക്കോഗ്രീൻ എന്ന ബ്രാൻഡിലുള്ള ഇനാകുലേറ്റഡ് കയർപിത്ത് ഉപയോഗം വർധിച്ചു വരുന്നതും ഇത്തരുണത്തിൽ എടുത്തു പറയേണ്ടതാണ്. തിരുവനന്തപുരം കോർപ്പറേഷന്റെ കീഴിലുള്ള വീടുകളിൽ ഖരജൈവ മാലിന്യ സംസ്കരണത്തിന് കയർഫെഡിന്റെ ഇനാകുലേറ്റഡ് പിത്ത് കഴിഞ്ഞ രണ്ടു വർഷത്തിലേറെയായി ഉപയോഗിച്ചുവരുന്നു.

കയർഫെഡിന്റെ ഇത്തരം പ്രകൃതി സൗഹൃദ ഉത്പന്നങ്ങളുടെ വിശിഷ്യാ, ചകിരിനാരും പ്രകൃതിദത്ത ലാറ്റക്സും വിനിയോഗിച്ചു കയർഫെഡ് നിർമ്മിക്കുന്ന പ്രകൃതി സൗഹൃദ ചെടിച്ചട്ടിയായ കൊക്കോപോട്ടിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മുൻകൈയെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ



# പ്രകൃതി സൗഹൃദ കോക്കോപോട്ടും വിപണനവും


**എസ്. അനിൽകുമാർ**
**മാർക്കറ്റിംഗ് മാനേജർ, കയർഫെഡ്**


**മാ**ലിന്യരഹിതമായ ചുറ്റുപാടും വിഷരഹിതമായ ഭക്ഷണവും ഇന്ന് ലോകത്തിന്റെ പ്രധാന ചർച്ചാ വിഷയമാണ്. ഇ- മാലിന്യങ്ങളും പ്ലാസ്റ്റിക്കും അടക്കം കുന്നുകൂടുന്ന, രാസവളങ്ങളും കീടനാശിനികളും കളനാശിനികളും തത്വദീക്ഷ ഇല്ലാതെ പ്രയോഗിക്കപ്പെടുന്ന, ഏതു ഭക്ഷണത്തിലും നിറത്തിനും രുചിക്കുമായി മായം കലർത്തുന്ന ഇന്നത്തെ അവസ്ഥക്ക് മാറ്റം ഉണ്ടാക്കാൻ ബോധപൂർവ്വമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. ഈ ലക്ഷ്യത്തോടെ വികേന്ദ്രീകൃത മാലിന്യ പരിപാലന രംഗത്തും ജൈവകൃഷി മേഖലയിലും ഉപയോഗിക്കുന്നതിലേയ്ക്കായി മൂന്ന് നൂതന ഉത്പന്നങ്ങൾ കയർഫെഡ് വിപണിയിൽ ഇറക്കിയിട്ടുണ്ട്.

കൊക്കോ ഗ്രീൻ, കൊക്കോ ഫെർട്ട്, കൊക്കോ പോട്ട് എന്നിവയാണ് ആ ഉത്പന്നങ്ങൾ. കൊക്കോ ഗ്രീൻ എന്നാൽ എയ്റോബിക് കമ്പോസ്റ്റിംഗ് സംവിധാനങ്ങളിൽ മീഡിയമായി ഉപയോഗിക്കുന്ന ഇനോക്കുലേറ്റഡ് കയർ പിത്താണ്. കൊക്കോ ഫെർട്ട് കയർ പിത്ത് ഉപയോഗിച്ച് തയ്യാറാക്കുന്ന കമ്പോസ്റ്റും കൊക്കോ പോട്ട് ചകിരി നാരും പ്രകൃതി ദത്ത ലാറ്റക്സും ചേർത്ത് തയ്യാറാക്കുന്ന പ്രകൃത സൗഹൃദ ചെടിച്ചട്ടികളുമാണ്.

കൊക്കോ ഗ്രീൻ തിരുവനന്തപുരം കോർപ്പറേഷൻ വലിയതോതിലും കേരളത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മാലിന്യ പരിപാലന പദ്ധതികൾക്കായി പ്രയോജനപ്പെടുത്തി വരുന്നു. കൊക്കോ ഫെർട്ട് ചില കൃഷി ഭവനുകൾ തങ്ങളുടെ പ്രോജക്ടിന്റെ ഭാഗമായി വാങ്ങുന്നുണ്ട്. എന്നാൽ ബഹുഭൂരിപക്ഷം കൃഷിഭവനുകളും ഫാമുകളും തദ്ദേശഭരണ സ്ഥാപനങ്ങളും ഇപ്പോഴും കയർഫെഡിന്റെ ഈ നൂതന കാർഷികാധിഷ്ഠിത ഉത്പന്നങ്ങളുടെ സാധ്യത പൂർണമായും പ്രയോജനപ്പെടുത്തി തുടങ്ങിയിട്ടില്ല. മികച്ച ഗുണനിലവാരം ഉറപ്പു വരുത്തിയിട്ടുള്ള ഈ ഉത്പന്നങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് കേരളത്തിലെ ബഹുജനങ്ങൾ മുന്നോട്ടു വരേണ്ടതാണ്.

കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ സർക്കാരിന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് മുൻകൈയെടുത്ത് കയർഫെഡ് വിപണിയിൽ ഇറക്കിയിട്ടുള്ള പ്രകൃതി സൗഹൃദ ചെടിച്ചട്ടി (കൊക്കോപോട്ട്) ൽ കൃഷി ചെയ്യുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. 10.01.2022 ലെ സ.ഉ. (സാധാ) നം. 52/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്). പ്രകൃതി സൗഹൃദ ചെടിച്ചട്ടി ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ഈ ഉത്പന്നത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുവാനും ഇത് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കയർഫെഡിൽ നിന്നും ടെൻഡർ







കൂടാതെ വാങ്ങുന്നതിനുമാണ് സർക്കാർ ഉത്തരവായിട്ടുള്ളത്.

മാത്രമല്ല, കേരളത്തിലെ എഴുന്നൂറിലധികം പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ അപ്പക്സ് ബോഡിയായ കയർഫെഡിൽ നിന്നും കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളുടെ കീഴിൽ ജൈവവളം, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ചകിരിച്ചോറും ചകിരിനാരും വാങ്ങുന്നതിന് അനുമതി നൽകിയും ആയതിന്റെ അംഗീകൃത ഏജൻസിയായി കയർഫെഡിനെ നിശ്ചയിച്ചും കൃഷിവകുപ്പ് നേരത്തെ ഉത്തരവായിരുന്നു.(05/09/2019 ലെ സ.ഉ. (സാധാ) നം. 846/2019/കൃഷി നമ്പർ ഉത്തരവ്)

ജൈവ പച്ചക്കറി കൃഷിയും പുഷ്പകൃഷിയും മറ്റും നടപ്പിലാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ പ്ലാസ്റ്റിക്ക് ചട്ടികളും ഗ്രോബാഗും കവറുകളുമാണ് മിക്കവാറും ഉപയോഗിച്ച് വരുന്നത്. ഉപയോഗശൂന്യമാവുമ്പോൾ പരിസ്ഥിതിക്ക് കോട്ടം വരുത്തുന്നവയാണ് ഇവ. പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമായ കയർഫെഡിന്റെ പ്രകൃതി സൗഹൃദ ചെടിച്ചട്ടിയിൽ കൃഷി ചെയ്താൽ പാരിസ്ഥിതികമായ ഒരു പ്രശ്നവും ഉണ്ടാവാൻ സാധ്യതയില്ല. പരിസ്ഥിതി സൗഹൃദപരമായ നിലപാടിനൊപ്പം കയർ വ്യവസായത്തെ പരിപോഷിപ്പിക്കുന്ന സമീപനത്തിന്റെ ഭാഗമായി കൂടിയാണ് കയർഫെഡ് ഈ ഉത്പന്നങ്ങൾ വിപണനം നടത്തുന്നത്.

കയർഫെഡിന്റെ വൈവിദ്ധ്യമാർന്ന ഉത്പന്നങ്ങളിൽ ഒന്നാണ് കൊക്കോ പോട്ട്. ഇത് പ്രകൃതി സൗഹൃദമായതിനാൽ നിലവിൽ വളരെയധികം ഉപഭോക്താക്കളുണ്ട്.

നിലവിൽ മാർക്കറ്റിൽ ലഭിക്കുന്ന ചെടിച്ചട്ടികളെ അപേക്ഷിച്ച് ഇതിന്റെ വിലയും സാധാരണക്കാർക്ക് ഉൾക്കൊള്ളാവുന്നതാണ്. തൊണ്ടിൽ നിന്നും ചകിരി വേർതിരിച്ച് ലാറ്റ ക്സും കൂടി ചേർത്താണ് പോട്ടിന്റെ ഉത്പാദനം നടത്തുന്നത്. സാധാരണയായി കൊക്കോ പോട്ട് ഉപയോഗിക്കുന്നത് Indoor Plants നും Table Top പ്ലാന്റ്സിനുമാണ്. ഇതിന്റെ മറ്റൊരു പ്രധാന ഗുണം ചെടികൾ ചട്ടിയിൽ നടുകയും പിന്നീട് ഇവ ചട്ടിയുൾപ്പെടെ മണ്ണിൽ കുഴിച്ചുവെക്കാനുമാകും. പ്രധാനമായും ഇവ വേരുകൾക്ക് ഇളക്കം വരാതെ തന്നെ മണ്ണിൽ കുഴിച്ചുവെക്കാനുമാകും അതുപോലെ തന്നെ ചെടികളുടെ വേരുകൾ മുറിയാതെയും ചെറിയ വേരുകൾ പുതുതായി വരുന്നതിനും സഹായിക്കും. കൂടാതെ ചെറിയ തോതിൽ മണ്ണിൽ നനവും നിലനിർത്തുന്നതും ചെടികൾക്ക് നൽകുന്ന ന്യൂട്രീഷ്യൻസ് പരമാവധി ചെടികൾക്ക് തന്നെ ലഭ്യമാകും. കൊക്കോപോട്ടിൽ കീടങ്ങളുടെ ശല്യവും താരതമ്യേനെ കുറവാണ്.

നിലവിൽ ഈ ഉത്പന്നം നഴ്സറികളിലും, വീടുകളിലെ ചെടി നടീലിനും ഹോർട്ടീ കൾച്ചറിനും ഉപയോഗിക്കാവുന്നതാണ്. ഇൻഡോർ പ്ലാന്റേഷന്റെ ഡെക്കറേഷനായി കൊക്കോപോട്ട് ഉപയോഗിക്കുന്നത് വളരെ ഭംഗിയുളവാക്കുന്നു. നിലവിൽ കയർഫെഡ് വിപണനം ചെയ്യുന്ന പോട്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Item & Size | Rate | Discount (25%) | Net Amount | GST (5%) | G. Total |
|---|---|---|---|---|---|
| Cocopot 30 cm | 68 | 17 | 51 | 3 | 54 |
| Cocopot 26 cm | 51 | 12 | 39 | 2 | 41 |
| Cocopot 13 cm | 34 | 8 | 26 | 1 | 27 |
| Cocopot 25 cm X 21 cm X 15 cm | 77 | 19 | 58 | 3 | 61 |
| Cocopot 9cm X 8 cm X 6 cm | 16 | 4 | 12 | 1 | 13 |
| Cocopot Standard | 44 | 11 | 33 | 2 | 35 |

കൊക്കോപോട്ടും കൊക്കോഫെർട്ടും ഉപയോഗിച്ച് ആലപ്പുഴ ജില്ലയിലെ കുമാരപുരം പഞ്ചായത്തിലെ കൃഷി ഓഫീസർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ 2020–21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷത്തെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നടപ്പാക്കിയ മാതൃകാ പദ്ധതി ഏറെ പ്രശംസ നേടിയിരുന്നു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ പദ്ധതിയെ ഏറെ അനുമോദിക്കുകയും ചെയ്തു.

കയർഫെഡ് വിപണിയിൽ ഇറക്കിയിട്ടുള്ള പ്രകൃതി സൗഹൃദ ചെടിച്ചട്ടി (കൊക്കോപോട്ട് ) കയർഫെഡിന്റെ എല്ലാ ഷോറൂമുകളിൽ നിന്നും ആവശ്യാനുസരണം ലഭ്യമാണ്. വിശദ വിവരങ്ങൾക്കും ഈ ഉത്പന്നം വാങ്ങുന്നതിനും അടുത്തുള്ള കയർഫെഡ് ഷോറൂം സന്ദർശിക്കുകയോ അല്ലെങ്കിൽ ആലപ്പുഴ ഹെഡാഫീസുമായി 70126 02633, 8281009828 എന്ന നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.



# കായലും കയറും കൈകോർക്കുമ്പോൾ

ദൃശ്യാ വിശ്വൻ
റിസർച്ച് അസിസ്റ്റന്റ്
-കില

**പു**റത്ത് നിന്നും കാണുന്നവർക്ക് എന്നും ഒരു അത്ഭുതമാണ് കുട്ടനാട്. കണ്ണെത്താദൂരത്തോളം പരന്നു കിടക്കുന്ന പച്ചപ്പാടങ്ങൾ, അവയെ കീറിമുറിച്ചൊഴുകുന്ന അസംഖ്യം ആറുകളും തോടുകളും, നിരനിരയായി നിൽക്കുന്ന കേര വൃക്ഷങ്ങളുമൊക്കെ ചേർന്ന സുന്ദര ഭൂമിയാണവർക്ക് കുട്ടനാട്. എന്നാൽ ഈ സുന്ദര ഭൂവിലെ സ്ഥിരതാമസക്കാർ അനുഭവിക്കുന്ന ദുഖദുരിതങ്ങൾ ചെറുതല്ല. കേരളത്തിലെ നാലു പ്രധാന നദികളായ പമ്പ, മണിമല, അച്ചൻകോവിൽ , മീനച്ചിൽ എന്നിവയും വേമ്പനാട്ടുകായലും ചേർന്നു രൂപം നൽകിയ ഡെൽറ്റാപ്രദേശമാണ് കുട്ടനാട്. അതുകൊണ്ട് തന്നെ വെള്ളപ്പൊക്കവും മടവീഴ്ചയും നിത്യസംഭവവും.

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന ഈ ജലജന്യമായ ഭൂവിഭാഗത്തിന്റെ മൊത്തം വിസ്തൃതി 870 ചതുരശ്ര കിലോമീറ്ററാണ്. കുട്ടനാടിന്റെ അതിരുകൾ കൃത്യമായി നിർണ്ണയിക്കപ്പെട്ടിട്ടില്ലെങ്കിലും ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകളിലും, കോട്ടയം ജില്ലയിലെ ചങ്ങനാശേരി, വൈക്കം താലൂക്കുകളിലും പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്കിലുമായി ആകെ 79 റവന്യൂ വില്ലേജുകൾ കുട്ടനാട്ടിൽ ഉൾപ്പെടുന്നതായി കണക്കാക്കുന്നു.

വേമ്പനാട്ടുകായലിൽനിന്നും മനുഷ്യാദ്ധ്വാനം മുഖേന പടുത്തുയർത്തപ്പെട്ടവയാണ് കുട്ടനാടൻ പാടശേഖരങ്ങൾ. പ്രാദേശിക ഭൂപ്രകൃതിയും ചരിത്രവും അവലംബിച്ചു പറഞ്ഞാൽ കുട്ടനാടിനെ പഴയ കുട്ടനാട് അല്ലെങ്കിൽ അപ്പർ കുട്ടനാട് എന്നും പുതിയ കുട്ടനാട് അല്ലെങ്കിൽ ലോവർ കുട്ടനാട് എന്നും രണ്ടായി തിരിക്കാം. ഇതിൽ അപ്പർ കുട്ടനാട് മുഖ്യമായും വേമ്പനാട്ട് കായലിൽ പതിക്കുന്ന നദികൾ നിക്ഷേപിച്ച എക്കലും മണ്ണും അടിഞ്ഞ് രൂപപ്പെട്ടതാണ്. ചില പ്രദേശങ്ങളാകട്ടെ ആഴംകുറഞ്ഞ കായൽ ഭാഗങ്ങൾ നികത്തി രൂപപ്പെടുത്തിയവയും.

കുട്ടനാട് സമുദ്രനിരപ്പിനു താഴെയാണ് എന്നത് പ്രസിദ്ധമാണ്. പലരുടെയും ധാരണ ഇത് കൃഷിയിടങ്ങളുടെ കാര്യത്തിൽ മാത്രമാണെന്നാണ്. എന്നാൽ ഭൂരിപക്ഷം വീടുകളും ഇത് പോലെ സമുദ്രനിരപ്പിന് താഴെ തന്നെയാണ്. പാടശേഖരങ്ങളുടെ നടുവിലാണ് നല്ലൊരു പങ്കു വീടുകളും. കായലിൽ നിന്ന് കൃഷിയിടങ്ങളെയും വീടുകളെയും സംരക്ഷിക്കുന്നത് പുറം ബണ്ടുകൾ ആണ്. മട വീണു പാടം നിറഞ്ഞാൽ വീടുകളും മുങ്ങും. ജീവിതം ദുസഹമാകും. മുൻകാലങ്ങളിലും വെള്ളപ്പൊക്കങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഒരു മഹാപ്രളയത്താൽ കേരളത്തെ ഒന്നാകെ മുക്കികളഞ്ഞ വർഷമായിരുന്നു 2018. 1924ലെ പ്രളയത്തിനുശേഷം ഏറ്റവും വലിയ വെള്ളപ്പൊക്ക ദുരന്തത്തിനാണ് അന്ന് കേരളം സാക്ഷ്യം വഹിച്ചത്. ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്. ഈ പ്രളയത്തിന്റെ ഏറ്റവും വലിയ ഇരകളായിരുന്നു കുട്ടനാട്ടുകാർ.

2018ൽമാത്രം രണ്ട് തവണ പ്രളയം മുക്കിയ പ്രദേശമാണ് കുട്ടനാട്. ആദ്യം മുങ്ങിയത് ജൂലൈ അവസാന ആഴ്ചകളിലുണ്ടായ മഴയിൽ. അതിൽ നിന്ന് കരകയറി സാധാരണ ജീവിതവും കൃഷിയും ആരംഭിച്ച സമയത്താണ് ആഗസ്റ്റ് പകുതിയിൽ കേരളത്തെയൊട്ടാകെ പ്രളയം ബാധിച്ചത്. കുട്ടനാടിനെ പാടെ തകർത്തെറിഞ്ഞുകൊണ്ടായിരുന്നു പ്രളയം. പമ്പ, മണിമല, അച്ചൻകോവിൽ ആറുകളിൽ നിന്ന് കരകവിഞ്ഞൊഴുകിയ വെള്ളം മുഴുവൻ വഹിച്ചത് കുട്ടനാടാണ്. ഇതിന് പുറമെ കിഴക്കൻ മേഖലയിലെ ഡാമുകൾ തുറന്നുവിട്ട വെള്ളവും വന്ന് പതിച്ചത് കുട്ടനാടൻ പാടങ്ങളിൽ തന്നെ. കേരളം പ്രളയ ജലത്തിൽ നിന്ന് കരകയറി പുനരധിവാസ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചന തുടങ്ങിയപ്പോഴും കുട്ടനാടൻ പാടശേഖരങ്ങളിൽ ഭൂരിഭാഗവും വെള്ളത്തിൽ തന്നെയായിരുന്നു. കൃഷി പാകമാകാനിരിക്കെയാണ് പ്രളയം വന്ന് മുഴുവൻ ഒലിച്ച്

പോയത്. മടകൾ വീണ് പാടങ്ങളും വേമ്പനാട് കായലും പലസ്ഥലത്തും ഒന്നായി. നൂറ് കോടിയോളം രൂപ യുടെ കാർഷിക നഷ്ടം കുട്ടനാട്ടിൽ ഉണ്ടായി. കൃഷി പൂർണമായും നശിച്ചു. കുട്ടനാട്ടിൽ മാത്രം 168 പാട ശേഖരങ്ങൾക്കാണ് മടവീഴ്ചയുണ്ടായത്.

ഈ ഘട്ടത്തിലാണ് പ്രളയാനന്തര കുട്ടനാടിന്റെ പുനർ നിർമ്മാണത്തെക്കുറിച്ചും പുനർ നിർമ്മാണ ത്തിലെ പ്രധാന മുൻഗണനകളെക്കുറിച്ചും ആഴത്തി ലുള്ള ചിന്തകൾ രൂപപ്പെട്ടത്. വളരെ സങ്കീർണ്ണമായ പരിസ്ഥിതി ഘടനയുള്ള സവിശേഷമായ ഒരു ഭൂഭാ ഗമാണ് കുട്ടനാട്. കുട്ടനാട്ടിലെ വികസന പ്രവർത്ത നങ്ങൾ ഏറെ അന്വേഷണത്തിനും പഠനത്തിനും വിധേയമായ ഒന്നാണ്. കുട്ടനാടിന്റെ പരിസ്ഥിതി ഘടന യിൽ ഏറെ ആശങ്കാജനകമായ തകർച്ച ഉണ്ടായിട്ടുണ്ട് എന്നതിൽ ഏതാണ്ട് എല്ലാ പഠനങ്ങളും ഏക സ്വരത്തി ലാണ്. ഡച്ച് വാട്ടർ ബാലൻസ് പഠനം മുതൽ സ്വാമി നാഥൻ കമ്മിഷനും ഒടുവിൽ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ കായൽ കമ്മീഷനും അടക്കം എല്ലാ അന്വേഷണങ്ങളും കുട്ടനാടിന്റെ പരിസ്ഥിതി തകർ ച്ചയെക്കുറിച്ച് ആശങ്ക പങ്കുവച്ചിട്ടുണ്ട്. പരിസ്ഥിതി പുനസ്ഥാപനത്തിൽ അധിഷ്ഠിതമായ പുനർ നിർ മ്മാണമാണ് കുട്ടനാട് ആവശ്യപ്പെടുന്നത് എന്ന നിഗ മനത്തിലാണ് ഇപ്പോൾ നാം എത്തി ചേർന്നിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടനാട്ടിലെ നീരൊഴുക്കു വഴികളുടെ പുനരുജ്ജീവനം ലക്ഷ്യം വെച്ച് നെടു മുടിയിലെ തുമ്പൂരം പാടശേഖരത്തിൽ ഒരു പരീക്ഷണ പ്രവർത്തനം നടക്കുന്നുണ്ട്.

2017, 18, 19 വെള്ളപൊക്കങ്ങൾ നെടുമുടി പഞ്ചായ ത്തിലെ 50 ശതമാനത്തിൽ കൂടുതൽ കരഭൂമിയിൽ ഒരു മീറ്ററിൽ കൂടുതൽ വെള്ളം പൊങ്ങാനിടയാക്കിയ തായി വിദഗ്ധ പഠനത്തിൽ കണ്ടെത്തിയിരുന്നു. 2018ലെ പ്രളയത്തിൽ പഞ്ചായത്തിലെ 37 പാടശേഖ രങ്ങളിലായി 1,368 ഹെക്ടർ കൃഷിയും നശിച്ചിരുന്നു. പെയ്തു ഒഴുകി വരുന്ന വെള്ളത്തെ കരയിൽ നിന്നു പുറംതള്ളാനാവാത്തതാണ് ഇവിടത്തെ ചെറുവെള്ള പൊക്കങ്ങൾക്ക് (മൈക്രോ ഫ്ളഡ്) കാരണമെന്നും വിദഗ്ധർ കണ്ടെത്തിയിരുന്നു. ഈ പഠനങ്ങളുടെ യെല്ലാം അടിസ്ഥാനത്തിലാണ് തുമ്പൂരം പാടശേഖരം മേൽപ്പറഞ്ഞ മാതൃകാ പദ്ധതിക്കായി തെരഞ്ഞെടു ക്കപ്പെട്ടത്.

നെടുമുടി പഞ്ചായത്തിലെ പൂക്കൈത– പമ്പ ആറു



കളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചെമ്പകശേരി തോടി നോട് ചേർന്നാണ് തുമ്പൂരം എന്ന പാടശേഖരം സ്ഥിതി ചെയ്യുന്നത്. ചെമ്പകശ്ശേരി തോട് ചരിത്ര പ്രധാന്യമുള്ള താണ്. അമ്പലപ്പുഴ രാജാവായിരുന്ന ദേവനാരായണൻ നേരിട്ട് വെട്ടിച്ച തോടാണിത്. രാജാവിന്റെ ഭരണ കാ ലത്ത് ചമ്പക്കുളം കല്ലൂർക്കട്ട് അങ്ങാടി ചെമ്പകശേരി അന്ന്, പമ്പനദിയുടെ കൈവഴിയായ പൂകൈതയാറ്റിൽ പ്രത്യേകിച്ചു തകഴി മുതൽ കരുമാടി തോട് വരെ ഭാഗം ആൾതാമസമില്ലാത്ത വിജനമായ പ്രദേശമായിരുന്നു. അതിനാൽ, തീവെട്ടി കൊള്ളക്കാർ ഈ പ്രദേശങ്ങ ളിൽ കച്ചവട വള്ളങ്ങളെ പ്രതിക്ഷിച്ച് രാപകൽ ഒളി ച്ചിരിക്കും.

ചമ്പക്കുളം കല്ലൂർക്കട്ട് അങ്ങാടിയിൽ നിന്നും വള്ള ത്തിൽ ചരക്കുകളുമയി പോകുന്ന കച്ചവടക്കാർക്ക് 'ഓടി വള്ളത്തിൽ' മിന്നൽ വേഗത്തിൽ വരുന്ന കൊള്ള ക്കാർ എന്നും ഒരു പേടി സ്വപ്നമയിരുന്നു. പലർക്കും പല തരത്തിലുള്ള സാമ്പത്തിക നഷ്ടവും എന്തിന്, ചെറുത്തു നിന്നവർക്ക് ആൾനാശവും ഉണ്ടായിട്ടുണ്ട്. കച്ച വടക്കാർ രാജാവിന്റെ മുമ്പിൽ ഉണർത്തിച്ച പരാതിക്ക്



പരിഹാരമായി രാജാവ് നിർദേശിച്ച പ്രകാരം ചമ്പക്കുളത്ത് കല്ലൂർക്കാട് അങ്ങാടിയിൽ നിന്നും പൂകൈതയാറ്റിലേക്ക്വെട്ടിയ ഈ തോട് വഴി പുറക്കാട് തുറമുഖത്തെയ്ക്ക് തീവെട്ടി കൊള്ളക്കാരുടെ പിടിയിൽ പെടാതെ കെട്ടുവള്ളത്തിൽ സുഗന്ധ ദ്രവ്യങ്ങൾ, കയർ മറ്റു ഉൽപന്നങ്ങൾ സുരക്ഷിതമായി കൊണ്ടു പോകാൻ ഈ തോട് ഉപയോഗിച്ചിരുന്നു.

കാലക്രമേണ തോട്ടിൽ തടസങ്ങൾ വന്നു നീരൊഴുക്ക് തടസപ്പെട്ടു. മട മുറിയുന്നതിനാൽ ഇതിനോട് ചേർന്നുള്ള പടശേഖരങ്ങളിൽ 'ഒരുപൂ' കൃഷി മാത്രമായി.ഈ പാടശേഖരങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് തുമ്പൂരം പാടശേഖരം. കഴിഞ്ഞ കുറേക്കാലങ്ങളായി തുമ്പുരം പാടശേഖരത്തിൽ രണ്ടു കൃഷിനടക്കാറില്ല. ദുർബലമായ ബണ്ടു പൊട്ടിയുണ്ടാകുന്ന കൃഷിനാശത്തെ ഭയന്നാണ് കർഷകർ രണ്ടു കൃഷിയെടുക്കാൻ തയ്യാറാകാത്തത്. അതുകൊണ്ട് തന്നെ ബണ്ട്ബലപ്പെടുത്തേണ്ടത് പരമ പ്രധാനമാണ്. ഈ സാഹചര്യത്തിലാണ് മാതൃക പദ്ധതിക്ക് എല്ലാ പിൻതുണയുമായി കർഷകരും രംഗത്തെത്തിയത്.

തുമ്പൂരം കിഴക്ക്, പടിഞ്ഞാറ് പാടശേഖരങ്ങളിലായുള്ള 150 ഓളം ഏക്കറിലെ കൃഷി രക്ഷിക്കുക മാത്രമല്ല. സമീപത്തെ ചെമ്പകശേരി, ചീതക്കോട് തോടുകളിലെ ചെളി വാരി കയർഭൂവസ്ത്രവും ചേർത്ത് നിർമ്മിക്കുന്ന ബണ്ടിൽ മണ്ണിട്ട് ജനങ്ങളുടെ യാത്രാദുരിതത്തിന് അറുതി വരുത്തുന്നതുമാണ് ഈ പദ്ധതി. പാടത്തെയും ആറുകളെയും ബന്ധിപ്പിക്കുന്ന കനാലുകളെ നീർവാർച്ച ഉറപ്പാക്കാൻ ചെളി കോരി ബണ്ട് ബലപ്പെടുത്തി പുനർ നിർമ്മിക്കുകയാണ് ഇവിടെ. തൊഴിലുറപ്പും പഞ്ചായത്ത് പദ്ധതിയും സർക്കാർ സഹായവും എല്ലാം ചേർത്താണ് പദ്ധതി നടപ്പാക്കുന്നത്. പുളിങ്കുന്ന് എൻജിനീയറിംഗ് കോളേജ്, നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, കയർ കോർപ്പറേഷൻ എന്നിവയുടെ സാങ്കേതിക, സാമ്പത്തിക പങ്കാളിത്തവുമുണ്ട്.

കുട്ടനാട്ടിലെ വെള്ളപ്പൊക്ക തീവ്രത കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഒരു പരിഹാരം നിർദ്ദേശിക്കുവാൻ ശ്രമിക്കുകയാണ് ഈ പ്രോജെക്ടിലൂടെ യഥാർത്ഥത്തിൽ ചെയ്യുന്നത്. തോടുകളിലെ നീരൊഴുക്ക് വർധിപ്പിക്കുന്നതിനായി തോടുകളിലെ ചെളി നീക്കം ചെയ്യുകയും ഈ ചെളി ഉപയോഗിച്ച് തുമ്പൂരം പാടശേഖരത്തിന്റെ പുറംബണ്ട് ബലപ്പെടുത്തി 3.5 മീറ്റർ വീതിയിൽ റോഡ് നിർമിക്കുന്നതുമാണ് പദ്ധതി.

കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കുട്ടനാട് പ്രിൻസിപ്പാൾ ഡോ. സുനിൽ കുമാറിന്റെ നേതൃത്വത്തിൽ അവിടുത്തെ അധ്യാപകരും നാലാം വർഷ സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളും ചേർന്നാണ് ചെളിയും കയർ ഭൂവസ്ത്രവും ഉപയോഗിച്ചുള്ള ബണ്ടിന്റെ രൂപകൽപന തയ്യാറാക്കിയിരിക്കുന്നത്. തുമ്പൂരം പാടശേഖരത്തെ ചുറ്റി ഒഴുകുന്ന മൂന്നു പ്രധാന തോടുകളിൽനിന്നാണ് ബണ്ട് നിർമാണത്തിന് ആവശ്യമായ ചെളി എടുക്കുന്നത്. ബണ്ടിനു



ആവരണമായി കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നു. ഏതു കുത്തൊഴുക്കിലും മണ്ണിനേയും ചെളിയേയും പിടിച്ചു നിർത്തുകയും വെള്ളം സുഗമമായി ഒഴുകിപ്പോകാൻ അനുവദിക്കുകയും ചെയ്യുന്ന പൂർണ്ണമായും പ്രകൃതി സൗഹൃദമായ കോകോലോഗ് എന്ന കയറുത്പ്പന്നവും തെങ്ങിൻ കുറ്റിയും ഉപയോഗിച്ചാണ് ബണ്ട് ശക്തിപ്പെടുത്തുന്നത്.

ബണ്ടിന് ബലക്ഷയംസംഭവിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ കണ്ടെത്തുകയും അവിടെ ബണ്ടിനോട് ചേർന്ന് 5 മീറ്റർ നീളത്തിലുള്ള തെങ്ങിൻകുറ്റികൾ 10 മീറ്റർ വ്യത്യാസത്തിൽ അടിച്ചു താഴ്ത്തി ബണ്ടിനും തെങ്ങിൻ കുറ്റികൾക്കും ഇടയിലായി കോകോലോഗുകൾ അടുക്കി ബണ്ടിന് സുശക്തമായ അടിത്തറ ഒരുക്കിയിട്ടുണ്ട്.

പദ്ധതി അന്തിമ ഘട്ടത്തിലേക്ക് അടുക്കുമ്പോൾ ത്തന്നെ കൊക്കോലോഗ് ബണ്ട് സംരക്ഷണത്തിന്റെ മികച്ചൊരു മാതൃകയായി ഇത് മാറിയിട്ടുണ്ട്. ബണ്ടിന്റെ സംരക്ഷണത്തിനായി കയർ ഭൂവസ്ത്രത്തിനു മുകളിൽ ഗ്രാവൽ ഇട്ട് കൂടുതൽ ബലപ്പെടുത്തുന്ന നടപടികൾ പുരോഗമിക്കുകയാണ്. കോക്കോ ലോഗ് സ്ഥാപിച്ചതോടെ 15 വർഷങ്ങൾക്ക് ശേഷം പാടശേഖരത്തിൽ രണ്ടാം കൃഷി നടത്താൻ സാധിച്ചിട്ടുണ്ട്.

പദ്ധതി വിജയകരമായി പൂർത്തിയാകുന്നതോടെ കുട്ടനാടിന് ഒഴിച്ചു കൂടാനാവാത്ത ഒരു ഉത്പന്നമായി കൊക്കോലോഗും കയർഭൂവസ്ത്രവും മാറും. പ്രത്യേകിച്ച് രണ്ടാം കുട്ടനാട് പാക്കേജിന്റെ ഭാഗമായി കുട്ടനാട്ടിലെ മുഴുവൻ പാടശേഖരങ്ങളുടേയും ബണ്ട് ബലപ്പെടുത്താനുള്ള പദ്ധതികൾ അണിയറയിൽ ഒരുങ്ങുന്ന സാഹചര്യത്തിൽ.

## കവിത

# മഴ





ഷാജി ജനാർദ്ദനൻ

നീ
സ്വപ്നങ്ങളുടെ സ്ഫടികക്കൊട്ടാരം പോലെ
ചിലപ്പോൾ
തിളങ്ങും.
അല്ലെങ്കിൽ
നിരാശകളുടെ
കനത്തിരുണ്ട
മേഘക്കൂമ്പാരത്തെപ്പോലെ
തല കുത്തി ഇടിച്ചിറങ്ങും.
അതിലോലമായി
ഒരു തൂവാനധാര മാത്രമെറിഞ്ഞ്
ഒരു മാത്ര കൊണ്ട് ഓടി മറയാം.
നിശ്ശബ്ദമായി ചുവടുവച്ച്
പിന്നിലൂടെ വന്ന് ഓർക്കാപ്പുറത്ത് ഇടിമിന്നൽ
അടി തന്ന്
കുലുങ്ങിച്ചിരിക്കാം.

പ്രളയ പ്രവാഹം പോലെ
ചുറ്റിവരിഞ്ഞു
ശ്വാസം മുട്ടിക്കാം.
ആകാശത്തിലെ നീലത്തിരശ്ശീലയ്ക്കു പിന്നിൽ,
പിണക്കം നടിച്ച്,
ഏറെക്കാലം മറഞ്ഞിരുന്ന്, എന്നെ
തീയിൽ ഉണക്കിയേക്കാം.

മുറ്റത്തേക്ക് കാൽ നീട്ടി
വീട്ടുപടിയിൽ ഇരിക്കുമ്പോൾ
സർപ്പത്തെപ്പോലെ
ഇഴഞ്ഞു വന്ന്
പാദങ്ങളിൽ
മരണത്തിന്റെ തണുപ്പ് പടർത്തി ,
ചെറുചിരിയോടെ
ചിലപ്പോൾ
ഭൂമിക്കടിയിലേയ്ക്ക്  ഇഴഞ്ഞുപോകാം.


ചിലപ്പോൾ
കടലിനെപ്പോലെ,
ഒരു കാരണവും ഇല്ലാതെ
തിരകളടങ്ങി പ്രസന്നയാകും.
എന്നാൽ,
പൊടുന്നനെ
ഭാവം മാറി
ആകാശത്തിലേക്ക്
സുനാമിപ്പത്തികളുയർത്തി
പ്രചണ്ഡയാകും.

ചിലപ്പോൾ
പ്രവചനങ്ങൾ തെറ്റിച്ച്
പെയ്ത് തകർക്കും.
മറ്റു ചിലപ്പോൾ
കണക്കുകൂട്ടലുകൾ
പാഴാക്കി
പെയ്യാതെ പൊരിക്കും.

നീ സാധാരണ മഴയല്ല,
സമ്മർദ്ദങ്ങളിൽ
താളം തെറ്റിയ നിനക്ക്
വിഷാദരോഗബാധയെന്ന്
മുടിയഴിച്ചാടുന്ന
നിന്റെ രുദ്രരൂപം
അലറിപ്പറഞ്ഞില്ലെങ്കിലും
എനിക്കറിയാം.

വരൂ, സ്നേഹത്തിന്റെ
മധുരമരുന്ന് കഴിച്ച്
നമുക്ക് മയങ്ങാം...






# ഓറഞ്ച് പട്ടണത്തിലെ കയർഫെഡ് ഷോറൂം

**എം.അനുരാജ്,**
**മാർക്കറ്റിംഗ് മാനേജർ**

**മ**ഹാരാഷ്ട്രയിലെ മുംബൈ, പൂനെ എന്നീ നഗരങ്ങൾ കഴിഞ്ഞാൽ അതിപുരാതന നഗരമായ നാഗ്പൂർ മൂന്നാമത്തെ വലിയ നഗരം ആണ്. ഓറഞ്ച് വ്യാപാരത്തിൽ പ്രസിദ്ധമായ നഗരത്തെ രാജ്യത്തെ 'ഓറഞ്ച് സിറ്റി' എന്ന പേരിലും അറിയപ്പെടുന്നു. കൂടാതെ ഇന്ത്യയിലെ തന്നെ ശുചിത്വം, പ്രകൃതി സംരക്ഷണം എന്നീ വിഷയങ്ങളിലും പ്രധാന സ്ഥാനത്തുള്ള നഗരം കൂടിയായ നാഗ്പൂരിൽ കൊച്ചിൻ മാർക്കറ്റിംഗ് സൊസൈറ്റിയുടെ കീഴിൽ സെൻട്രൽ അവന്യൂ റോഡിന്റെ വശത്തായി നഗര ഹൃദയത്തിൽ ഗാന്ധിബാഗ്, നാഗ്പൂർ -II ൽ അന്തരിച്ച ഗുലാബ് ചന്ദ് ശർമ്മയുടെ ഉടമസ്ഥതയിലുള്ള പ്ലോട്ട് നം: 16/17ൽ മൂന്ന് കടമുറികൾ 01.11.1961 മുതൽ കൊച്ചിൻ സെൻട്രൽ മാർക്കറ്റിംഗ് സൊസൈറ്റി വാടകയ്ക്ക് എടുത്തിരുന്നതാണ്. തുടർന്ന് കയർഫെഡ് രൂപീകരിച്ചതിനു ശേഷം ഇതേ കെട്ടിടത്തിൽ തന്നെയാണ് കയർഫെഡിന്റെ ഷോറൂം പ്രവർത്തിക്കുന്നത്.

ഷോറൂമിന്റെ ആരംഭകാലം മുതൽക്കെ കയറിനും, കയറുത്പന്നങ്ങൾക്കും ഏറെ സ്വീകാര്യതയും, ആവശ്യക്കാരും നാഗ്പൂരിലുണ്ടായിരുന്നു. പ്രധാന കൃഷി ഓറഞ്ച് ആയതിനാൽ ഓറഞ്ച് മരത്തിന്റെ പരിപാലനത്തിനും, വിളവെടുപ്പിന് ശേഷം ഓറഞ്ച് പെട്ടികൾ കെട്ടുന്നതിനുമായി നിരവധി ലോഡ് കയർ ഓരോ വർഷവും ഷോറൂമിന്റെ ആരംഭകാലം മുതൽക്കെ വിൽപ്പന നടത്താറുണ്ടായിരുന്നു. കയർഫെഡിന്റെ മുൻകാലങ്ങളിലെ മാനേജർമാരായിരുന്ന മുരളീധരനും, ദ്വീപനും, പി.ബി. ശിവദാസും ഷോറൂം സംരക്ഷിക്കുന്നതിലും, വിൽപ്പന വർദ്ധിപ്പിക്കുന്നതിലും നിർണായക പങ്കാണ് വഹിച്ചിട്ടുള്ളത് എന്ന് മുൻകാലങ്ങളിലെ വിൽപ്പന പരിശോധിച്ചാൽ മനസിലാകുന്നതാണ്. ഇവരുടെ എല്ലാം അധ്വാനത്തിന്റെയും, അർപ്പണത്തിന്റെയും ഫലമായി ഇന്നും കേരളത്തിന് പുറത്തുള്ള കയർഫെഡ് ഷോറൂമുകളുടെ ആകെ വിൽപ്പന പരിശോധിച്ചാൽ മഹാരാഷ്ട്രയിലെ നാഗ്പൂർ ഷോറൂമിന് പ്രത്യേക സ്ഥാനമുണ്ട്. കൂടാതെ മഹാരാഷ്ട്രയിലുള്ള മറ്റ് മൂന്ന് ഷോറൂമുകളായ കൊൽഹാപൂർ, വാറൂദ്, അമരാവതി എന്നീ ഷോറൂമുകളേക്കാൾ പ്രവർത്തന മികവിലും, വിൽപ്പനയിലും എല്ലാ കാലങ്ങളിലും മികവ് കാട്ടിയിട്ടുള്ള ഷോറൂം കൂടിയാണ് നാഗ്പൂർ.




**പിള്ളൈ ജലജ**
**ഷോറൂം മാനേജർ**

കേരളത്തിന് പുറത്ത് ഷോറൂമുകളിലെ മാനേജർമാർ വിരമിച്ചതിനെ തുടർന്നും, ഷോറൂം അസിസ്റ്റന്റ് നിയമനം പി.എസ്.സി വഴി ആക്കിയതിനാലും പുതുതായി ഷോറൂം മാനേജർമാരെ നിയമിക്കുന്നതിൽ കാലതാമസം നേരിടേണ്ടി വന്നത് കേരളത്തിന് പുറത്തുള്ള മറ്റ് ഷോറൂമുകളെ ബാധിച്ച പോലെ കയർഫെഡിന്റെ നാഗ്പൂർ ഷോറൂമിനെയും ബാധിച്ചിരുന്നു. ഇത് വാർഷിക വിൽപ്പനയിൽ തുടർച്ചയായി കുറവ് വരുന്ന സാഹചര്യം സൃഷ്ടിച്ചു.

കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാറിന്റെ തുടർച്ചയായുള്ള ശ്രമഫലമായി, കയർഫെഡിന്റെ കേരളത്തിന് പുറത്തുള്ള ഷോറൂമുകളിലേക്ക് ആവശ്യമായ സെയിൽസ് അസി. ഗ്രേഡ് 2 തസ്തികയിലേയ്ക്ക് അപേക്ഷ പി.എസ്.സി ക്ഷണിച്ച് പരീക്ഷയും തുടർന്നുള്ള വിവിധ നിയമന ഘട്ടങ്ങൾ പൂർത്തീകരിച്ച് നിയമ ശുപാർശ നൽകി. ആദ്യമായി പി.എസ്.സി വഴി കയർഫെഡിൽ പ്രവേശിച്ച ജീവനക്കാരെ കേരളത്തിന് പുറത്തുള്ള ഷോറൂമുകളിലേക്ക് നിയമിക്കുന്നതിനായി പരിഗണിച്ചപ്പോൾ പ്രഥമ പരിഗണന നൽകിയത് നാഗ്പൂർ ഷോറൂമിനാണ്. ഈ ഷോറൂമിന് ഏറ്റവും യോജിച്ച ജീവനക്കാരിയായി നിയമിച്ചത് ഓച്ചിറ സ്വദേശിനിയായ പിള്ളൈ ജലജയെയാണ്. ഏറെ വെല്ലുവിളികൾ നിറഞ്ഞ സാഹചര്യത്തിലായിരുന്നു പിള്ളൈ ജലജ ഷോറൂം മാനേജർ സ്ഥാനം ഏറ്റെടുത്തത്.

കെട്ടിടം സംബന്ധിച്ച് ഉടമയുമായി കേസ്, ഷോറൂം പ്രവർത്തനങ്ങളുടെ ഏകോപനം എന്നിവ വളരെ സമർത്ഥമായി തന്നെ ഷോറൂം മാനേജർ നിർവ്വഹിക്കുകയുണ്ടായി. ആയതിന്റെ ഫലമായി ഷോറൂം മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളർച്ചയുടെ പാതയിലാണ്. മുൻവർഷങ്ങളിലെ വിൽപ്പന ചുവടെ ചേർക്കുന്നു.




ആദ്യം സൂചിപ്പിച്ച പോലെ കയറിനും കയർ ഉത്പന്നങ്ങൾക്കും പുറമെ കയർഫെഡിന്റെ മെത്തകളുടെ വിൽപ്പന ഈ സാമ്പത്തിക വർഷത്തിൽ വർദ്ധിച്ചിട്ടുണ്ട്. പുതുതലമുറ ഉൽപ്പന്നമായ ഗാർഡൻ പോട്ടിന് നല്ല വിപണി ലഭിക്കുന്നുണ്ട്. വിപണി വർദ്ധിപ്പിക്കുന്നതിനായി മാർക്കറ്റിംഗ് ക്യാമ്പെയിനുകളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ തുടക്കം എന്ന രീതിയിൽ നാഗ്പൂർ ടൗണിൽ തന്നെ അയ്യായിരത്തിനു മുകളിൽ കയർഫെഡിന്റെ ഉത്പന്നങ്ങളുടെ ചിത്രം ഉൾപ്പെടുത്തികൊണ്ടുള്ള നോട്ടീസ് പത്രത്തിലൂടെയും, നേരിട്ടും ജനങ്ങളിലേക്ക് എത്തിച്ചിട്ടുണ്ട്. കൂടാതെ കേരള സമാജം തുടങ്ങിയ വിവിധ കേരള സംഘടനകളുമായി ബന്ധപ്പെട്ടും വിൽപ്പന വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്.

ഓറഞ്ച് കൃഷി മേഖലയിലെ മുൻകാലങ്ങളിലെ കയർഫെഡിന്റെ കയറിന്റെ വിപണി വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും നാഗ്പൂർ ഷോറൂം മുഖാന്തിരം നടത്തുന്നുണ്ട്. ലോകത്തിലെ തന്നെ അതിവേഗം വളരുന്ന നഗരങ്ങളുടെ പട്ടികയിൽ പ്രധാന സ്ഥാനത്തുള്ള നഗരമാണ് നാഗ്പൂർ, അതെ വളർച്ചയുടെ വേഗത്തിൽ തന്നെയാണ് കയർഫെഡിന്റെ നാഗ്പൂർ ഷോറൂമും.


# പ്രത്യേക ക്യാഷ് പ്രൈസ്

**ക**യർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**

*Best Compliments from:*

# SREEKRISHANA COIR WORKS

## MAHADEVIKKAD

## Mob-9446711524

*Best Compliments from:*

# ASWIN COIRS

## 202/91, RAJAMIL ROAD
## POLLACHI,
## TAMIL NADU-642 001
## Ph : 9961039523

# പൊതുമേഖലാ ഉത്പന്നങ്ങൾക്കായി ഇ–കോമേഴ്സ്

**പി. രാജീവ്**
**വ്യവസായ-കയർ-നിയമ മന്ത്രി**

കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനായി സാങ്കേതികവിദ്യയെ പൂർണ്ണമായും ഉപയോഗിക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ സംസ്ഥാനത്ത് പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി വ്യവസായ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ഇ-കോമേഴ്സ് സംവിധാനം നടപ്പാക്കും. വകുപ്പിനു കീഴിലുള്ള ഒരോ പദ്ധതിയുടെയും ഘടകങ്ങൾ വിശദമായി നിരീക്ഷിച്ച് നിർവഹണ പുരോഗതി യഥാസമയം വിലയിരുത്താനും വകുപ്പിന്റെ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുവാനും കേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെ സാധിക്കും. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയാണ് ഓൺലൈൻ സംവിധാനം വികസിപ്പിച്ചിട്ടുള്ളത്.

വൻകിട വ്യവസായ പദ്ധതികൾ തുടങ്ങാൻ നിക്ഷേപകരെ സഹായിക്കുന്ന കേരളത്തിലെ ഏകജാലക സംവിധാനം രാജ്യത്തെ തന്നെ മികച്ച സംവിധാനങ്ങളിൽ ഒന്നാണെന്ന് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് വ്യക്തമാക്കിയിട്ടുണ്ട്. 50 കോടിക്ക് താഴെയുള്ള നിക്ഷേപങ്ങൾക്കും 50 കോടിക്കു മുകളിലുള്ളവയ്ക്കും നൂറു കോടിക്ക് മുകളിൽ ഉള്ള വ്യവസായങ്ങൾക്കും യാതൊരുവിധ കാലവിളംബവും കൂടാതെ കെ - സ്വിഫ്റ്റ് ഏകജാലക സംവിധാനത്തിലൂടെ തുടങ്ങുവാൻ ഉള്ള സാഹചര്യം കേരളത്തിൽ നിലവിലുണ്ട്. അനുമതി വൈകിപ്പിക്കുകയാണെങ്കിൽ ഉദ്യോഗസ്ഥരിൽ നിന്ന് പതിനായിരം രൂപവരെ പിഴ ഈടാക്കാനുള്ള നിയമാനുസൃതമായ സംവിധാനവും നിലവിൽ വന്നു കഴിഞ്ഞു.

ഏകീകൃത ഓൺലൈൻ സംവിധാനത്തിലൂടെ വകുപ്പിന്റെ സുതാര്യത വർധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ടെന്ന് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സൂചികയും മറ്റു സൂചികകളും വ്യക്തമാക്കുന്നുണ്ടല്ലോ. കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ എം.ജി. രാജമാണിക്യം, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കെബിപ്പ് എക്സിക്യൂട്ടീവ് ഡയറക്ടറുമായ എസ്. ഹരികിഷോർ, കയർ വികസന ഡയറക്ടർ വി.ആർ. വിനോദ്, ഡിജിറ്റൽ സർവ്വകലാശാല വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ്, റിയാബ് മെമ്പർ സെക്രട്ടറി കെ. പദ്മകുമാർ എന്നിവർ പങ്കെടുത്തു.

***(വ്യവസായ വകുപ്പിന് കീഴിലുള്ള മുഴുവൻ പദ്ധതികളെയും പ്രവർത്തനങ്ങളെയും നിരീക്ഷിക്കുവാനുള്ള കേന്ദ്രീകൃത ഓൺലൈൻ മോണിറ്ററിംഗ് സംവിധാനത്തിന്റെ ഉദ്ഘാടന പ്രസംഗത്തെ അധികരിച്ച് തയ്യാറാക്കിയത്)***



ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

# Coirfed

Coirfed Deep Sleep MATTRESS






## കയർ ചാമ്പ്യൻ പദ്ധതി

കയർഫെഡ് ഭരണ സമിതി അംഗങ്ങൾ, കയർ വകുപ്പ് ജീവനക്കാർ കയർ സൊസൈറ്റി ജീവനക്കാർ, കയർഫെഡിലെ ഷോറൂം ഇതര ജീവനക്കാർ എന്നിവരെ കയർഫെഡ് ഉൽപ്പനങ്ങളുടെ ബ്രാൻഡ് അംബാസിഡറാക്കി വിപണനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയാണ് ഇത്.

## എങ്ങനെ കയർ ചാമ്പ്യൻ അംഗമാകാം

കയർചാമ്പ്യൻ അംഗമാകാൻ താൽപര്യമുളളവർ coirfedhomktg@gmail.comൽ (Contact: 8281009840, 9495605091) രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നവർക്ക് ഒരു കോഡ്നമ്പർ നൽകുന്നതും ഈ കോഡ് നമ്പറിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഉടനീളമുള്ള ഷോറുമുകളിൽ 1000 രൂപ (Advance for Mattress order) നൽകി ക്യാഷ് റെസീപ്റ്റ് വാങ്ങേണ്ടതാണ്

## പദ്ധതി വിശദാംശങ്ങൾ

കയർ ചാമ്പ്യൻമാർ അവരുടെ സുഹൃത്തുക്കൾ, സമീപവാസികൾ, ബന്ധുമിത്രാദികൾ, വീടുകൾ, ഓഫീസുകൾ, ഫാക്ടറികൾ, സൊസൈറ്റികൾ മുഖേന കയർഫെഡ് മെത്തകൾ, കയർ മാറ്റ്സ്,ടഫ്റ്റഡ് മാറ്റ്സ്, എന്നിങ്ങനെ MRPപരസ്യപ്പെടുത്തിയ ഉത്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായിട്ടാണ് ഈ കൂപ്പൺ പദ്ധതി അവതരിപ്പിക്കുന്നത്.



*പദ്ധതി കാലയളവ് ഡിസംബർ 6th 2021 മുതൽ മാർച്ച് 7th 2022 വരെ ആയിരിക്കും.

*ഈ ഓഫർ നിബന്ധനകൾക്ക് വിധേയം

namasteads.com

*Registration Form*

SL.No:

പേര്.................................................

യൂണിറ്റ്.................................................

ഫോൺ.................................................

അഡ്രസ് .................................................

.................................................




രജിസ്റ്റർ ചെയ്യുക :
coirfedhomktg@gmail.com,
mdcoirfed@gmail.com

സി . സുരേഷ് കുമാർ
മാനേജിങ് ഡയറക്ടർ

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം Coirfed

THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd. No.679 P.B.No.4616, Alappuzha Kerala, India.
Tel: 0477 2243627, 2243628 , 2243629, 2244109(D) www.ccirfed.in, Email: coirfedho@gmail.com, mdcoirfed@gmail.com

## കയർ ചാമ്പ്യൻ പദ്ധതി വിവരങ്ങൾ

കാലാവധി ഡിസംബർ 6th 2021 മുതൽ മാർച്ച് 7th 2022 വരെ.

കൂപ്പൺ മുഖ വില - MRP വില.

കൂപ്പൺ ഉപയോഗിച്ച് ഉപഭോക്താവ് ഷോറൂമിൽ നൽകേണ്ട വില MRPയിൽ നിന്നും 40% കുറച്ച തുക + ഉൽപ്പന്നത്തിന്റെ GST

## നിബന്ധനകൾ

- ഉത്പന്നവില കയർഫെഡ് ഷോറൂമുകളിൽ നൽകി ബിൽ വാങ്ങേണ്ടതാണ്.
- കയർ ചാമ്പ്യന്മാർ ഓർഡർ കാൻവാസിങ് മാത്രമേ ചെയ്യുവാൻ പാടുള്ളൂ.
- ഉത്പന്ന വില കയർഫെഡ് ഷോറൂമുകളിൽ നിന്നും ഉത്പ്പന്നം വാങ്ങുമ്പോൾ മാത്രം ഉപഭോക്താവ് നൽകേണ്ടതാണ്.
- ഈ കൂപ്പൺ സ്കീമിനെ സംബന്ധിച്ച അന്തിമ തീരുമാനം കയർഫെഡിന്റേതാണ്.
- ഈ കൂപ്പൺ ഉപയോഗിച്ച് കയർഫെഡ് മെത്തകൾ കയർ ചാമ്പ്യൻ കോഡ് രേഖപ്പെടുത്തി ഉപഭോക്താക്കളിൽ നിന്നും ഓർഡർ സ്വീകരിച്ച് ഷോറൂം വഴി വിൽപന നടത്തിയാൽ ചാമ്പ്യൻ ഇൻസെന്റീവ് ലഭിക്കുന്നതാണ്.
- സമ്മാനർഹമായ കൂപ്പണിൽ ചാമ്പ്യൻ കോഡ് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സമ്മാനങ്ങൾ ലഭിക്കുന്നതാണ്.




8 ഗ്രാം ഗോൾഡ് കോയിൻ (1 പവൻ)




4 ഗ്രാം ഗോൾഡ് കോയിൻ (1/2 പവൻ)




2 ഗ്രാം ഗോൾഡ് കോയിൻ (2 പേർക്ക്)

സമാശ്വാസ സമ്മാനം 100 കയർ ചാമ്പ്യന്മാർക്ക് വരെ ₹450 MRP വിലയുള്ള കയർ ടഫ്റ്റഡ് മാറ്റ്സ്

### കയർ ചാമ്പ്യനുള്ള ഇൻസെന്റീവ്

| SL. No: | മെത്തയുടെ പേര് | ഇൻസെന്റീവ് |
|---|---|---|
| 1 | സൂരജ് | ₹200/ബെഡ് |
| 2 | സൂരജ് ഗോൾഡ് | ₹300/ബെഡ് |
| 3 | സ്പ്രിങ് | ₹400/ബെഡ് |
| 4 | സ്റ്റാന്റേർഡ് | ₹200/ബെഡ് |

5 മെത്തയിൽ കൂടുതൽ ഉള്ള വില്പനയ്ക്ക് മെത്ത ഒന്നിന് 100/- രൂപ



*ഈ പദ്ധതി നിബന്ധനകൾക്ക് വിധേയം.

- സമ്മാനാർഹമായ കൂപ്പണിൽ ചാമ്പ്യൻ കോഡ് രേഖപ്പെടുത്തിയിട്ടുണ്ട് എങ്കിൽ മാത്രമേ കയർ ചാമ്പ്യന്മാർക്ക് അതിനനുസൃതമായ മേൽപ്പറഞ്ഞ സമ്മാനങ്ങൾ ലഭിക്കുകയുള്ളൂ.
- കയർ ചാമ്പ്യന്മാർക്കുള്ള മെത്തയുടെ ഇൻസെന്റീവ് രൂപയോ, തതുല്യം വിലയ്ക്കുള്ള കയർഫെഡ് ഉൽപ്പന്നമോ നൽകുന്നതാണ്.

**Head Office. No :** +91 8281009840, +91 8281009828, +91 9495605091 | **Alappuzha :** 8281009856 | **Chalakkudy :** 8281009859 | **Chengannur :** 8281009854 | **Ernakulam :** 8281009858 | **Kannur :** 8281009864 | **Kayamkulam :** 8281009850 | **Kollam :** 8281009849 | **Kottayam :** 8281009857 | **Kozhikode :** 8281009863 | **Malappuram :** 8281009862 | **Mavelikkara :** 8281009852 | **Nangiyarkulangara :** 8281009853 | **Kanichukulangara :** 7306512891 | **Narmada (Tvm) :** 8281009845 | **Parippally :** 8281009848 | **Palakkad :** 8281009826 | **Sulthan Batherry :** 8281009865 | **Thrissur :** 8281009860 | **Tirur :** 8281009861 | **Trida (Tvm) :** 8281009846 | **Ananthapuri (Tvm) :** 8281009847 | **Pathanamthitta :** 8281009873 | **Sreekaryam (Tvm) :** 9349109251

കയർഫെഡ് ഉൽപ്പന്നങ്ങൾക്കായി തൊട്ടടുത്ത ഷോറൂം സന്ദർശിക്കുക!




Cocofert



Mattings



Tiles




Mats



Briquette



Coco Pot

'കേരളം സുഖ സുഷുപ്തിയിൽ ആഴുന്നത് കയർഫെഡ് മെത്തകൾക്ക് ഒപ്പം'



# ഇൻഡ്യയൊട്ടാകെയുള്ള കയർഫെഡ് സ്വന്തം ഷോറൂമുകൾ

| Sl No | COIRFED Showrooms | Mobile(CUG) | Phone No. | e-mail address |
|---|---|---|---|---|
| 1 | Alappuzha | 8281009856 | 9847472870 | |
| 2 | Ananthapuri | 8281009847 | 0471-2327090 | coirfed.ananthapurisrm@gmail.com |
| 3 | Chalakudy | 8281009859 | 0480-2702916 | coirfed.chalakudysrm@gmail.com |
| 4 | Chengannur | 8281009854 | 0479-2453034 | coirfedchengannursrm@gmail.com |
| 5 | Cherthala | 9400725013 | | |
| 6 | Ernakulam | 8281009858 | 0484-2367508 | coirfed.ernakulamsrm@gmail.com |
| 7 | Kannur | 8281009864 | 0497-2707108 | |
| 8 | Kayamkulam | 8281009850 | 0479-2446335 | coirfedsrmkylm@gmail.com |
| 9 | Kollam | 8281009849 | 0474-2748954 | coirfed.kollamsrm@gmail.com |
| 10 | Kottayam | 8281009857 | 0481-2303279 | |
| 11 | Kozhikkode | 8281009863 | 0495-2549105 | |
| 12 | Malappuram | 8281009862 | 0483-2731806 | |
| 13 | Mavelikkara | 8281009852 | 0479-2343104 | coirfedsrmmavelikara@gmail.com |
| 14 | Nangyarkulangara | 8281009853 | 0479-2412219 | |
| 15 | Narmada | 8281009845 | 0471-2436956 | narmadacoirfed@gmail.com |
| 16 | Palakkad | 8281009826 | 0491-2546451 | coirfedsrmplkd@gmail.com |
| 17 | Parippally | 8281009848 | 0474-2576111 | |
| 18 | Pathanamthitta | 8281009873 | | |
| 19 | Sulthan Bathery | 8281009865 | 04936-265607 | |
| 20 | Sreekariyam | | 9349109251 | |
| 21 | Thirur | 8281009861 | 0494-2421441 | |
| 22 | Thrissur | 8281009860 | 0487-2323723 | coirfed.thrissursrm@gmail.com |
| 23 | Trida | 8281009846 | 0471-2328841 | coirfed.tridasrm@gmail.com |
| 24 | Ahmedabad | 09028073347 | 079-22122858 | |
| 25 | Ajmeer | 08769233721 | 0145-2620607 | |
| 26 | Amaravathy | 09421739326 | 0721-2576304 | |
| 27 | Amritsar | 09958272064 | 0183-2557747 | |
| 28 | Bangalore | 8921861538 | | |
| 29 | Bhavanagar | 9497757231 | 0278-2516620 | |
| 30 | Bhopal | 09303964488 | 0755-2745923 | |
| 31 | Calcutta | 09163342270 | 033-22353029 | |
| 32 | Chennai | 09633428848 | 044-28511938 | coirfedchennai@gmail.com |
| 33 | Delhi | 09958272064 | 011-22544026 | |
| 34 | Indore | 09826537574 | 0731-2469889 | coirfedindorsrm@gmail.com |
| 35 | Gauhati | 07319562716 | 0361-2544845 | coirfedguwahati@gmail.com |
| 36 | Jabalpur | 09450159009- 07024347446 | | 0761-5007765 |
| 37 | Jaipur | 09950838171 | 0141-2319806 | |
| 38 | Kolhapur | 07447330259 | 0231-2652003 | coirfedkolhapur@gmail.com |
| 39 | Kota | 09461700558 | 0744-2360952 | coirfed.kotasrm@gmail.com |
| 40 | Ludhiana | 09958272064 | 0161-2728238 | |
| 41 | Nagpur | 09422857737 | 0712-2768605 | coirfednagpur@gmail.com |
| 42 | Pondichery | 09633428848 | 0413-2333573 | coirfedpondicherry@gmail.com |
| 43 | Siliguri | 07319562716 | 0353-2430407 | |
| 44 | Surat I | 9497757231 | 0261-2438673 | |
| 45 | Surat II | | | |
| 46 | Trichy | 09750125580 | 09750125580 | |
| 47 | Pandurna | 09422857737 | 0716-4220183 | |
| 48 | Chapra | 09939066693 | 08986369244 | |
| 49 | Warud | 09421739326 | 0722-9234223 | |



**ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ പ്രശ്നങ്ങൾ കൃത്യമായി മനസിലാക്കി നാടിന്റെ വികസനവും ക്ഷേമവും ഉറപ്പാക്കണം. വികസന കാര്യങ്ങളെ എതിർക്കാനും നാടിന്റെ താത്പര്യത്തിനു വിരുദ്ധമായി പ്രവർത്തിക്കാനും ചില ശക്തികൾ മുന്നോട്ടുവന്നാൽ അതിനു വഴിപ്പെടേണ്ടതില്ല. അതു നാടിന്റെ താത്പര്യം ബലികഴിക്കലാണ്. നാടിന്റെ താത്പര്യം നടപ്പാക്കുക എന്നതു ദൗത്യമായി ഏറ്റെടുക്കുമ്പോൾ അനാവശ്യമായി എതിർപ്പുന്നയിക്കുന്നവർക്കു മുന്നിൽ വഴങ്ങിക്കൊടുക്കുന്നത് സർക്കാരിന്റെ ധർമ്മമല്ല എന്ന നിലപാടാണു കഴിഞ്ഞ സർക്കാർ സ്വീകരിച്ചത്. ആ സമീപനം തുടരുക തന്നെ ചെയ്യും.**

# വികസന പദ്ധതികളുമായി മുന്നോട്ട്

## നിക്ഷിപ്ത താത്പര്യക്കാരുടെ എതിർപ്പിന് വഴങ്ങില്ല

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

**നാ**ടിന്റെ വികസനത്തിന് ഒഴിച്ചുകൂടാനാകാത്ത പദ്ധതികൾ വരുമ്പോൾ ചിലർ ശക്തമായ എതിർപ്പുമായി മുന്നോട്ടുവരുന്ന നിർഭാഗ്യകരമായ സാഹചര്യം സംസ്ഥാനത്തു നിലനിൽക്കുന്നുണ്ട്. ഇതിനു പിന്നിൽ ചില നിക്ഷിപ്ത താത്പര്യങ്ങളുണ്ടെന്നത് വ്യക്തമാണ്.

വികസന പദ്ധതികളിലൂടെ പശ്ചാത്തല വികസനം സാധ്യമാക്കി ജനങ്ങളുടെ ജീവിത സാഹചര്യവും ജീവിത നിലവാരവും മെച്ചപ്പെടുത്തുകയാണു സർക്കാരിന്റെ ലക്ഷ്യം. നാടിന്റെ സാഹചര്യങ്ങളിലും ജനങ്ങളുടെ ജീവിത നിലവാരത്തിലും പുരോഗതിയുണ്ടാക്കാൻ കഴിയുന്നില്ലെങ്കിൽ ഭരിക്കുന്ന സർക്കാർ അതിന്റെ ധർമ്മം നിർവഹിക്കുന്നതിൽ പരാജയപ്പെടുന്നുവെന്നാണ് അർത്ഥം. ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ പ്രശ്നങ്ങൾ കൃത്യമായി മനസിലാക്കി നാടിന്റെ വികസനവും ക്ഷേമവും ഉറപ്പാക്കണം. വികസന കാര്യങ്ങളെ എതിർക്കാനും നാടിന്റെ താത്പര്യത്തിനു വിരുദ്ധമായി പ്രവർത്തിക്കാനും ചില ശക്തികൾ മുന്നോട്ടുവന്നാൽ അതിനു വഴിപ്പെടേണ്ടതില്ല. അതു നാടിന്റെ താത്പര്യം ബലികഴിക്കലാണ്. നാടിന്റെ താത്പര്യം നടപ്പാക്കുക എന്നതു ദൗത്യമായി ഏറ്റെടുക്കുമ്പോൾ അനാവശ്യമായി എതിർപ്പുന്നയിക്കുന്നവർക്കു മുന്നിൽ വഴങ്ങിക്കൊടുക്കുന്നത് സർക്കാരിന്റെ ധർമ്മമല്ല എന്ന നിലപാടാണു കഴിഞ്ഞ സർക്കാർ സ്വീകരിച്ചത്. ആ സമീപനം തുടരുക തന്നെ ചെയ്യും. അനാവശ്യ വിവാദങ്ങളുണ്ടാക്കി തടസപ്പെടുത്തിയിരുന്ന വൻ പദ്ധതികൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കാനായി. ദേശീയ പാതാ വികസനത്തിനുള്ള സ്ഥലമേറ്റെടുപ്പു സംബന്ധിച്ചു വലിയ എതിർപ്പാണുണ്ടായത്. എന്നാൽ കഴിഞ്ഞ സർക്കാർ അധികാരത്തിലെത്തിയതോടെ പദ്ധതി നടപ്പാക്കുന്നതിൽ സജീവ ഇടപെടൽ നടത്തി. അതോടെ കാര്യങ്ങൾ നടന്നു. ഇപ്പോൾ തലപ്പാടി മുതലുള്ള ഓരോ റീച്ചും ടെൻഡർ ചെയ്തുവരികയാണ്. സ്ഥലമേറ്റെടുപ്പിന് ഏറ്റവും കടുത്ത എതിർപ്പുണ്ടായ ജില്ലയിൽപ്പോലും കാര്യങ്ങൾ സുഗമമായി നടന്നു. പദ്ധതി നടപ്പാക്കുമ്പോൾ ആളുകളെ ഉപദ്രവിക്കലല്ല, പ്രയാസമനുഭവിക്കേണ്ടിവരുന്നവർക്കൊപ്പം നിന്ന് അവരെ സഹായിക്കാൻ കഴിയണം.

ഗെയിൽ പൈപ്പ് ലൈൻ കേരളത്തിൽ നടക്കില്ലെന്നു ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യാ ലിമിറ്റഡ് പോലും കണക്കാക്കി. ദശാബ്ദങ്ങളുടെ പഴക്കമുള്ള പദ്ധതിയായിരുന്നു അത്. കഴിഞ്ഞ സർക്കാരിന്റെ മികച്ച ഇടപെടലുകളിലൂടെ പദ്ധതി പൂർത്തിയായി. എതിർപ്പുന്നയിച്ചവർക്കു തങ്ങളുടെ വാദങ്ങളിൽ കഴമ്പൊന്നുമില്ലെന്നു പിന്നീടു മനസിലായി. പുനരധിവാസ പ്രവർത്തനങ്ങളിൽ ആളുകൾ തൃപ്തരായിരുന്നു. ആവശ്യമായ നഷ്ടപരിഹാരം ലഭിക്കുമെന്നും മനസിലായി. കൂടംകുളം വൈദ്യുതി ലൈൻ പദ്ധതിയുടെ ഭാഗമായി കുറച്ചു മരങ്ങൾ മുറിക്കേണ്ട സാഹചര്യം വന്നപ്പോഴും വലിയ എതിർപ്പുണ്ടായി. പ്രവൃത്തികൾ അവസാനിപ്പിച്ചു പവർഗ്രിഡ് കോർപ്പറേഷനു മടങ്ങേണ്ടിവന്നു. 2016ലെ സർക്കാർ വന്നശേഷം പദ്ധതി പൂർത്തീകരണം സാധ്യമാക്കി. തീരദേശ, മലയോര ഹൈവേ പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.

സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലിലൂടെ പല മേഖലകളിലും വലിയ മാറ്റമുണ്ടായി. ബജറ്റിന്റെ ഭാഗമായി പദ്ധതികൾ നടപ്പാക്കാനുള്ള ധനശേഷിക്കുറവു പരിഹരിക്കാൻ ബജറ്റിനു പുറത്ത് പണം കണ്ടെത്താനായി കിഫ്ബി പുനരുജ്ജീവിപ്പിച്ചു. 50,000 കോടി രൂപയുടെ പദ്ധതികൾ ആരംഭിക്കാനിരുന്ന സ്ഥാനത്ത് 62,000 കോടിയുടെ പദ്ധതികൾക്കു തുടക്കം കുറിക്കാനായി. ഇതു നാടിന്റെ പല മേഖലകളുടേയും മുഖഛായതന്നെ മാറ്റി. 2016-ൽ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഇതല്ലായിരുന്നു കേരളത്തിന്റെ സ്ഥിതി. സാധാരണഗതിയിൽ നടക്കേണ്ട കാര്യങ്ങൾപോലും നാട്ടിൽ നടക്കിലെന്ന പൊതുബോധ്യമാണ് ആളുകളിലുണ്ടായിരുന്നത്. അതിന്റേതായ നിരാശ എല്ലാവരേയും ബാധിച്ചിരുന്നു. ഒന്നും നടക്കില്ലെന്നും ഇങ്ങനെയായിപ്പോയെന്നുമുള്ള ശാപവാക്കുകളായിരുന്നു എല്ലായിടത്തും. ഇതിൽനിന്നെല്ലാം വലിയ മാറ്റമുണ്ടാക്കാൻ സർക്കാരിനു കഴിഞ്ഞത് വികസന പദ്ധതികൾ ജനോപകാരപ്രദമായി നടപ്പാക്കുമെന്ന സർക്കാരിന്റെ നിശ്ചയദാർഢ്യമായിരുന്നു.

***(സിൽവർ ലൈൻ പദ്ധതി വിശദീകരണത്തിനായി തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച 'ജനസമക്ഷം സിൽവർ ലൈൻ' പരിപാടിയിൽ മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തെ അധികരിച്ച് തയ്യാറാക്കിയത്.)***

# കേരള വികസനവും കെ. റെയിൽ വിരുദ്ധതയുടെ യാഥാർത്ഥ്യങ്ങളും



**പി. രാജീവ്,**
**വ്യവസായ-നിയമ**
**കയർ വകുപ്പ് മന്ത്രി**

**മാ**നവ വികാസ സൂചകങ്ങളിൽ വികസിത രാജ്യങ്ങൾക്കൊപ്പം മികവ് നിലനിർത്താൻ കഴിയുന്ന സവിശേഷതയാണ് കേരള വികസന മാതൃകയെ ലോക ശ്രദ്ധയിലേക്ക് കൊണ്ടുവന്നത്. വിദ്യാഭ്യാസ പ്രാപ്യതയിലും ആരോഗ്യസംരക്ഷണത്തിലും കേരളം കൈവരിച്ച നേട്ടങ്ങൾ ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് വേറിട്ടു നിൽക്കുന്നതാണ്. കാർഷിക, വ്യവസായ മേഖലകളിലും സമ്പദ്ഘടനയിലും വളർച്ചയില്ലാതെ സാമൂഹ്യക്ഷേമ മേഖലകളിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞതാണ് കേരളത്തെ വികസിത രാജ്യങ്ങളിൽനിന്ന് വ്യത്യസ്തമാക്കിയത്. എന്നാൽ, അടിസ്ഥാന മേഖലകളിൽ വളർച്ചയുണ്ടാക്കാതെ എത്ര കാലം ഈ മികവ് നിലനിർത്താൻ കഴിയുമെന്ന ചോദ്യം അന്നേ ഉയർന്നിരുന്നു. കാർഷിക, വ്യവസായ മേഖലകളിൽ വളർച്ചയില്ലെന്ന ദൗർബല്യം പരിഹരിക്കേണ്ടതിന്റെ അനിവാര്യത കേരള വികസനത്തിന്റെ അവിഭാജ്യ ഭാഗമാണെന്ന തിരിച്ചറിവ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കുണ്ടായിരുന്നു.

ഉത്പാദനമേഖലയിൽ വളർച്ചയുണ്ടായില്ലെങ്കിൽ മാനവ വികാസ സൂചകങ്ങളിലെ മികവ് നിലനിർത്താൻപോലും കഴിയാതെ വരുമെന്ന മുന്നറിയിപ്പ് ഇ.എം.എസ്. തന്നെ നൽകിയിരുന്നു.

അതോടൊപ്പം കേരള വികസന മാതൃകയുടെ രണ്ടാംതലമുറ പ്രതിസന്ധിയെയും അഭിസംബോധന ചെയ്യേണ്ടതുണ്ടെന്ന മുന്നറിയിപ്പും പല സാമ്പത്തികവിദഗ്ധരും നൽകിയിരുന്നു. അതിലൊന്ന്, വിദ്യാഭ്യാസത്തിന്റെ വ്യാപനത്തിന് അനുസൃതമായ ഗുണനിലവാരം ഉറപ്പുവരുത്തലായിരുന്നു. ആരോഗ്യ മേഖലയിലും അത്യാധുനിക ചികിത്സാ സൗകര്യങ്ങൾ എല്ലാവർക്കും പ്രാപ്യമാക്കേണ്ടതുണ്ടായിരുന്നു. ആരോഗ്യമേഖലയിൽ കൈവരിച്ച പുരോഗതിയുടെ ഭാഗമായി ആർജിതമായ ആയുർദൈർഘ്യത്തിന്റെ ഫലമായ പ്രായമായവരുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതായി വന്നു. വിദ്യാസമ്പന്നരായ ചെറുപ്പക്കാർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതും അടിയന്തര പ്രശ്നമായിരുന്നു.

കേരള മാതൃകയുടെ നേട്ടങ്ങൾ ശക്തിപ്പെടുത്തുകയും ദൗർബല്യങ്ങൾ പരിഹരിക്കുകയുമെന്ന ചരിത്രപരമായ ചുമതല നിർവഹിക്കുന്നതിനാണ് ഒന്നാം പിണറായി സർക്കാർ ശ്രമിച്ചത്. പൊതുവിദ്യാഭ്യാസ യജ്ഞവും ആരോഗ്യമേഖലയിലെ ഇടപെടലുമെല്ലാം ഇതിന്റെ ഭാഗമായിരുന്നു. ഒപ്പം ഉത്പാദനമേഖലയിലെ മുരടിപ്പ് അവസാനിപ്പിച്ച് വളർച്ചയുണ്ടാക്കുന്നതിനുള്ള നടപടികൾക്ക് തുടക്കമിട്ടു. സുഭിക്ഷ കേരളം കാർഷികോത്പാദനത്തിന് പുതിയ ഉണർവ് നൽകി. ബൈപാസുകളുടെ പൂർത്തീകരണം ദേശീയപാത വീതികൂട്ടലും ഗെയിൽ പൈപ്പ് ലൈൻ പൂർത്തീകരിച്ചതും പശ്ചാത്തല സൗകര്യ വികാസത്തിന് കുതിപ്പേകി.

ഈ പ്രക്രിയയുടെ ഗതിവേഗം വർധിപ്പിക്കുകയെന്ന സാമൂഹ്യ ഉത്തരവാദിത്വം നിർവഹിക്കുന്നതിനാണ്





രണ്ടാം പിണറായി സർക്കാർ ശ്രമിക്കുന്നത്. കേരളത്തിലെ പശ്ചാത്തല സൗകര്യ പരിമിതികൾ കേന്ദ്ര സർക്കാരിന്റെ ലോജിസ്റ്ററിക് പ്ലാനിൽ വിശദീകരിക്കുന്നുണ്ട്. ഈ കുറവുകൾ പരിഹരിക്കുന്നതിനുള്ള മൂർത്തമായ നിർദേശങ്ങൾ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ ലോജിസ്റ്ററിക് പ്ലാൻ അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ചരക്കുഗതാഗതത്തിന്റെ സിംഹഭാഗവും റോഡ് വഴിയാണ്. നിലവിലുള്ള റോഡുകൾക്ക് വലിയ ട്രക്കുകളുടെ ഭാരം താങ്ങാൻ കഴിയുന്നവയല്ല. ചെറിയ ട്രക്കുകൾ ഉപയോഗിക്കുക വഴി രണ്ടര മടങ്ങിലധികം ചരക്ക് കടത്തുകൂലിയിൽ വർധന ഉണ്ടാകുന്നു. ഇത് ഉപഭോഗ സാധനങ്ങളുടെ മാത്രമല്ല, അസംസ്കൃത വസ്തുക്കളുടെയും വില വർധിപ്പിക്കുന്നു. ചരക്കുകളുടെ റോഡ് മാർഗമുള്ള കടത്തിന് അധിക സമയവും ആവശ്യമായി വരുന്നു. ഇത് എളുപ്പത്തിൽ കേടാവുന്ന കാർഷികോത്പന്നങ്ങളുടെ വിപണിയെ പരിമിതപ്പെടുത്തുന്നു. കെ-റെയിലിന്റെ ഭാഗമായ റോ റോ സർവീസ് ഉപയോഗിക്കുക വഴി ചരക്കുഗതാഗതം വേഗതയേറിയതും ചെലവ് കുറഞ്ഞതുമാകും. കാർഷികോത്പന്നങ്ങൾക്ക് വിപണി വിപുലപ്പെടുത്താനും ഉയർന്ന വില ഉറപ്പുവരുത്താനും കഴിയുന്നു. വ്യാവസായിക ഉത്പന്നങ്ങളുടെ ആഭ്യന്തര വിപണിയെ ശക്തിപ്പെടുത്താനും ഇത് സഹായകരമാകും. ഈ സാഹചര്യം വ്യവസായവളർച്ചയെ ത്വരിതപ്പെടുത്തും. ഗതാഗത സൗകര്യങ്ങളുടെ വളർച്ചയും വ്യവസായവത്കരണവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. തുറമുഖങ്ങളുമായി ബന്ധപ്പെട്ടാണ് കേരളത്തിലെ നഗരങ്ങൾ രൂപംകൊണ്ടതെന്ന ചരിത്ര വസ്തുതയും ഓർക്കേണ്ടതുണ്ട്.

കേരളത്തിലെ ഏതു പ്രദേശത്തും പോയി ജോലി ചെയ്ത് തിരിച്ച് ദിവസവും വീട്ടിൽ വരുന്നതിനും തൊഴിലെടുക്കുന്നവർക്ക് കഴിയുന്നു. തൊഴിൽശക്തിയുടെ ചലനാത്മകത കൂടുതൽ അവസരങ്ങൾ തുറന്നുകൊടുക്കുന്നു. കോട്ടയത്തുനിന്നോ തൃശൂരിൽനിന്നോ എറണാകുളത്ത് കാറിൽ പോയി വരുന്നവർക്ക് കെ-റെയിൽ യാത്ര ആയാസം കുറയ്ക്കുന്നുവെന്ന് മാത്രമല്ല, യാത്രയിൽ ട്രെയിനിൽ ഇരുന്നും ജോലി ചെയ്യാൻ കഴിയുന്നു. പത്തിലൊരാൾക്ക് സ്വന്തമായി വാഹനമുള്ള സംസ്ഥാനമാണ് കേരളം. ഗ്രാമ, നഗര വ്യത്യാസമില്ലാതെ 'ഗ്രഗര'മായി മാറുന്ന കേരളത്തിൽ കാറുകൾ ഉപയോഗിക്കുന്നതിൽ നല്ലൊരു ഭാഗം കെ-റെയിലിലേക്ക് മാറുന്നത് റോഡിലെ തിരക്കിൽ മാറ്റമുണ്ടാക്കും. ഇത് റോഡ് മാർഗമുള്ള പൊതുഗതാഗതം ഉപയോഗിക്കുന്നവർക്കും സമയം ലാഭിക്കാൻ സഹായകരമായിരിക്കും. അതിവേഗത്തിൽ സ്വകാര്യ വാഹനങ്ങൾ വർധിച്ചുവരുന്ന ഇന്നത്തെ സാഹചര്യം കാർബൺ ഡയോക്സൈഡിന്റെ ബഹിർഗമനം അപകടകരമായ തോതിലേക്ക് എത്തിക്കുന്നു. കെ-റെയിലിന്റെ വരവോടെ റോഡ് ഗതാഗതത്തിൽ പ്രതീക്ഷിക്കുന്ന കുറവ് ഇതിൽ ഗുണപരമായ മാറ്റമുണ്ടാക്കാൻ സഹായകരമായിരിക്കും. കേരളത്തിൽ ഏറ്റവും സാധ്യതയുള്ള ടൂറിസം മേഖലയ്ക്ക് ഇത് നൽകുന്ന ഉണർവ് വിവരണാതീതമാണ്. ഇന്ന് ചിലയിടങ്ങളിൽ കേന്ദ്രീകരിക്കുന്ന ടൂറിസം കേരളത്തിലെ എല്ലാ പ്രദേശത്തും വ്യാപിക്കുന്നതിന് സുഗമമായ യാത്രാസംവിധാനം സഹായകരമായിരിക്കും. കെ റെയിൽ വഴി അസംസ്കൃത വസ്തുക്കളുടെയും ഉത്പന്നങ്ങളുടെയും അധ്വാനശക്തിയുടെയും വേഗതയേറിയ സഞ്ചാരം ഉറപ്പുവരുത്തുന്നതും പുതിയ കേരളത്തിലേക്കുള്ള കുതിപ്പിന്റെ പരിസരം ശക്തിപ്പെടുത്തും.

ഇത്തരം വികസന പദ്ധതികൾ ഇടതുപക്ഷത്തിന്റേതല്ലെന്ന വാദവുമായി ചിലർ രംഗത്തുവന്നിട്ടുണ്ട്. ദാരിദ്ര്യത്തിന്റെ വീതംവയ്ക്കലിന്റെ പ്രയോഗമല്ല ഇടതുപക്ഷത്തിന്റേത്. അത് തൊഴിലില്ലായ്മയുടെ പങ്കുവയ്ക്കലിന്റേതുമല്ല. പശ്ചാത്തല സൗകര്യ വികാസം ഉൾപ്പെടെ ഉപയോഗിച്ച് നടത്തുന്ന ഉത്പാദനവളർച്ചയുടെ നേട്ടങ്ങൾ മുഴുവൻ ജനങ്ങൾക്കും ലഭ്യമാക്കാനാണ് ഇടതുപക്ഷം ശ്രമിക്കുന്നത്. കെ ഫോൺ വഴി ഇന്റർനെറ്റ് ഹൈവേ ശക്തിപ്പെടുത്തുന്നതും കെ-റെയിൽ വഴി അസംസ്കൃത വസ്തുക്കളുടെയും ഉത്പന്നങ്ങളുടെയും അധ്വാനശക്തിയുടെയും വേഗതയേറിയ സഞ്ചാരം ഉറപ്പുവരുത്തുന്നതും പുതിയ കേരളത്തിലേക്കുള്ള കുതിപ്പിന്റെ പരിസരം ശക്തിപ്പെടുത്തും.

2025ൽ കെ-റെയിൽ നിർമ്മാണം പൂർത്തിയായാൽ നാട്ടിലുണ്ടാകാൻ പോകുന്ന വലിയ മാറ്റം ചിലരുടെ ഉറക്കം കെടുത്തുന്നുണ്ട്. പുറത്തു പോയി ജോലി ചെയ്യാൻ നിർബന്ധിതമായിരുന്നവർക്ക് ഇവിടെത്തന്നെ പണിയെടുക്കാനും ജീവിക്കാനും കഴിയുന്നതിലേക്ക് പതുക്കെ നാട് മാറും. ജീവിതത്തിലുണ്ടാക്കുന്ന മാറ്റം നേരിട്ട് അനുഭവിക്കുന്നവർ രാഷ്ട്രീയമായ തിരിച്ചറിവിലേക്ക് എത്തും. അത് തുടർ ഭരണത്തിന്റെ തുടർച്ചയിലേക്ക് നയിക്കുമെന്ന് അവർ ഭയപ്പെടുന്നു. അതാണ് ഈ സർക്കാരിന്റെ കാലാവധി പൂർത്തീകരിക്കുന്നതിൻമുമ്പുതന്നെ കെ-റെയിൽ ഓടിത്തുടങ്ങുമെന്ന മുന്നറിയിപ്പ് ചില രാഷ്ട്രീയ നിരീക്ഷകർ നൽകിയത്.

അതുകൊണ്ട്, തടയാനായില്ലെങ്കിലും താമസിപ്പിക്കാനെങ്കിലും കഴിയുമോയെന്ന ശ്രമത്തിലാണ് കേരള വിരുദ്ധ മുന്നണിക്കുള്ളത്. ഒരു വർഷമെങ്കിലും വൈകിത്തുടങ്ങിയാൽ തെരഞ്ഞെടുപ്പിനുമുമ്പ് തീരില്ലല്ലോയെന്ന ആശ്വാസം ചിലർ രഹസ്യമായി പ്രകടിപ്പിക്കുന്നു. നാടിന്റെ വികസനവും ജനങ്ങളുടെ ജീവിതനിലവാര ഉയർച്ചയുമല്ല ഇക്കൂട്ടർ ആഗ്രഹിക്കുന്നത്. യു.ഡി.എഫ്., ബി.ജെ.പി., ജമാഅത്തെ ഇസ്ലാമി സഖ്യത്തിന്റെ കെ-റെയിൽ വിരുദ്ധ സമരത്തിന്റെ രാഷ്ട്രീയം ഈ സങ്കുചിതത്വത്തിന്റെയും കേരള വിരുദ്ധതയുടേതുമാണ്. അത് തിരിച്ചറിയുകയും നാടിന്റെ വികസനത്തിനൊപ്പം നിലയുറപ്പിക്കുകയും ചെയ്യേണ്ടത് ഓരോ മലയാളിയുടെയും ഉത്തരവാദിത്വമാണ്.

***(കടപ്പാട്-ദേശാഭിമാനി)***

## കേരളത്തിന്റെ പതിനാലാം പഞ്ചവത്സരപദ്ധതി

# കോവിഡാനന്തര വെല്ലുവിളികൾ നേരിടാൻ ഭാവനാപൂർണ്ണമായ പദ്ധതികൾ വേണം


### എം.വി. ഗോവിന്ദൻ മാസ്റ്റർ

**കേരളത്തിന്റെ** പതിനാലാം പഞ്ചവത്സര പദ്ധതി ഏപ്രിൽ 1ന് ആരംഭിക്കും. ജനകീയാസൂത്രണത്തിന്റെ രജതജൂബിലി വേളയിൽ വർദ്ധിച്ച ജനകീയ പങ്കാളിത്തത്തോടെ വികേന്ദ്രീകൃത വികസന ആസൂത്രണ നിർവ്വഹണ പ്രക്രിയകൾ ശാക്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ വികസന മേഖലയിലെ ഇപ്പോഴത്തെ അവസ്ഥയും ആവശ്യങ്ങളും ഇതിനായി വിലയിരുത്തേണ്ടതുണ്ട്. തുടർന്നാണ് പുതിയ വികസന ക്ഷേമ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യേണ്ടത്. 1996ൽ ജനകീയാസൂത്രണം ആരംഭിച്ചതു മുതൽ ഓരോ തദ്ദേശഭരണസ്ഥാപനവും കടന്നുപോയ വികസന വഴികൾ വിശദമായ വിലയിരുത്തലുകൾക്ക് വിധേയമാക്കണം. ഈ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പോരായ്മകൾ പരിഹരിച്ച് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ വികസന ക്ഷേമ പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ജനകീയാസൂത്രണത്തിനായി തദ്ദേശ ഭരണസ്ഥാപന തലത്തിൽ ഇപ്പോൾ നിലനിൽക്കുന്ന ജനാധിപത്യ വേദികൾ എല്ലാം പുനഃസംഘടിപ്പിച്ച് പ്രവർത്തനം ഒന്നുകൂടി ഊർജ്ജസ്വലമാക്കണം. ഇപ്പോഴുള്ള വർക്കിംഗ് ഗ്രൂപ്പുകൾ, ആസൂത്രണ സമിതികൾ എന്നിവ മെച്ചപ്പെട്ട രീതിയിൽ പുനസംഘടിപ്പിച്ചിട്ടുണ്ട്. ഈ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കണം. ഈ പ്രവർത്തനങ്ങളിലെല്ലാം ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ, സന്നദ്ധ പ്രവർത്തകർ തുടങ്ങി എല്ലാവരുടേയും സജീവ പങ്കാളിത്തം ഉറപ്പാക്കണം.

കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷം തദ്ദേശഭരണസ്ഥാപനങ്ങൾ കൈവരിച്ച നേട്ടങ്ങൾ, ന്യൂനതകൾ എന്നിവ വിലയിരുത്തി ക്രോഡീകരിക്കുന്നത് ഒരു അക്കാദമിക് പ്രവർത്തനമായി മാത്രം ചുരുങ്ങാതെ ജനകീയ പ്രവർത്തനമായി വികസിപ്പിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത അഞ്ചുവർഷത്തേക്ക് വികസന സേവന പശ്ചാത്തല മേഖലകളിൽ പിന്തുടരേണ്ട വികസന കാഴ്ചപ്പാട് രൂപവത്കരിക്കണം. ഓരോ മേഖലയിലും വികസന കാഴ്ചപ്പാടും അതു നേടിയെടുക്കുന്നതിനുള്ള വികസന തന്ത്രവും രൂപപ്പെടുത്തേണ്ടതുണ്ട്. ഈ നടപടികളൊക്കെ തികഞ്ഞ ശ്രദ്ധയോടെ നിർവഹിക്കേണ്ടതാണ്. ഇതിനായി വിപുലമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. സംസ്ഥാനതലത്തിൽ വികസന മേഖലയിലെ സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനുമുള്ളപരിശീലനംജനപ്രതിനിധികൾക്കും തദ്ദേശഭരണ നേതൃത്വത്തിനും നിർവഹണ ഉദ്യോഗസ്ഥർക്കും നൽകിക്കൊണ്ടിരിക്കുകയാണ്.

കോവിഡാനന്തര കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടുന്നതിനുള്ള ഭാവനാപൂർണ്ണമായ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാണ് തദ്ദേശഭരണസ്ഥാപനങ്ങൾ പ്രാമുഖ്യം കൊടുക്കേണ്ടത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സാമൂഹിക സുരക്ഷാ മേഖലയിൽ നാം കൈവരിച്ച നേട്ടങ്ങൾ മെച്ചപ്പെടുത്തുന്നതിനും സവിശേഷ ശ്രദ്ധ നൽകണം.



## COIR DEVELOPMENT DEPARTMENT AND COIRFED CONTACT DIRECTORY

| Sl No | Name | Office | Mobile |
|---|---|---|---|
| **I.** | **Coir Development Dept.** | | |
| 1 | Sri. Rajesh Kumar Sinha IAS<br>Principal Secretary, Coir | 0471 2517395 | |
| 2 | Sri.V.R.Vinod IAS,<br>Director of Coir Development | 0471-2322046 | 9400593500 |
| 3 | Smt. Helen Jerome, ADCD | 0471-2322046 | |
| 4 | Shri. Byju Kumar.S, Under Secretary (Coir) | 0471-2518481 | 9447066257 |
| 5 | Smt. Sreelekha.S, Section Officer, Coir | 0471-2518032 | 9447782904 |
| 6 | Shri.Thomas John, D.R,<br>Coir Development Dept. | 0471-2322046 | 9447245611 |
| **II** | **Coir Project Offices** | | |
| 1 | Shri. K.J. Prabhakumar, Chirayinkeezh | 0470-2626581 | 8289807351 |
| 2 | Shri.Benedict Nixon, Kollam | 0474-2793412 | 9809016005 |
| 3 | Shri.G.Krishnapillai, Kayamkulam | 0479-2442469 | 9446071531 |
| 4 | Shri. R. Suresh Babu, Alappuzha | 828109816 | 9572077344 |
| 5 | Smt.S. Sudha Varma, Vaikom | 04829-231371 | 9446000377 |
| 6 | Smt. Indira K.M , North Paravoor | 0484-2442533 | 9495016149 |
| 7 | Shri.Sojan. C.R, Thrissur | 0487-2423047 | 9497193550 |
| 8 | Shri.Saseendran B, Ponnani | 0494-2666029 | 9496176030 |
| 9 | Smt. P.R. Sindu, Kozhikkode | 0495-2768460 | 9446079538 |
| 10 | Shri. S.K. Sureshkumar, Kannur | 0497-2705034 | 9744720375 |
| **III** | **Coirfed Head Office** | | |
| 1 | Sri. V.R. Vinod IAS, Managing Director | 0477 - 2244109 | 9447484109 |
| 2 | Shri. B. Sunil, General Manager | 8281009870 | 9400149478 |
| 3 | Shri.Arun R., Finance Manager | 8281009820 | |
| 4 | Shri. V.N.Sasikumar, Asst.Finance Manager | 8281009819 | 9446428296 |
| 5 | Shri. D. Sajeev, Personnel Manager | 9947562237 | |
| 6 | Shri. Anuraj. M, Marketing Manager (P) | 8281009840 | 9895365558 |
| 7 | Shri. Sreevardhan Namboothiri. S<br>Marketing Manager(Y) | 8281009817 | 8850677769 |
| 8 | Shri. Anil Kumar.S, Marketing Manager | 8281009828 | 7012602633 |
| 9 | Shri.N.S.Mohandas, Liaison Officer & PRO | 8281009833 | 9497339180 |
| 10 | Shri. Vinesh.S, Development Officer | 8330010736 | 9400599236 |
| 11 | Shri S. Jayaprakash Regional Officer,<br>Alappuzha | 0477-2246272 | 8281009832 |
| 12 | Shri. R. Anil, Regional Officer, Kollam | 0474-2793543 | 8281009829 |
| 13 | Shri. Harish. V, Regional Officer, Kochi | 0484-2224649 | 8281009843 |
| 14 | Sri.T.K Jeevanandan, R.O, Kozhikode | 0495-2360274 | 8281009844 |
| 15 | Shri. P.Prajeesh, P A to President & MD | 8281009842 | 9446271700 |
| 16 | Sri.BabuVijayanath, Depot Manager,<br>Alappuzha | 8281009872 | 9847222027 |
| 17 | Shri. N.K.Baby Materials Manager | 8281009834 | 9495873599 |
| 18 | Shri.V K Shine Stores Supervisor | 8281009818 | 8547524185 |
| 19 | Manager, RB Unit | | 9497635914 |
| 20 | Shri.Nagappan, Dispatch Supervisor,<br>PVCT Unit | 8330010737 | 8075250903 |
| 21 | Shri. Baburaj, Central Stores Manager | 0477-2242471 | |

# 2021: കയർമേഖലയുടെ നാൾവഴികൾ 2








**ക**യർഫെഡിനെ സംബന്ധിച്ച് ഒരു സർവ്വകാല റെക്കോഡ് പിറന്നമാസം ആയിരുന്നു 2021 മാർച്ച്. 77,000 ക്വിന്റലിൽ നിന്ന് സംഭരണം രണ്ടേകാൽ ലക്ഷം ക്വിന്റലിലേക്ക് കയർ സംഭരണം ഉയർന്നിട്ടും കുടിശികയില്ലാതെ കയർ വില മുഴുവൻ വിതരണം ചെയ്തതിലൂടെയാണ് കയർഫെഡ് ഈ നേട്ടം കൈവരിച്ചത്. കയർ മേഖലയിൽ തടസമില്ലാതെ ഉത്പാദനം നടക്കുന്നതിനും കയർപിരി മേഖലയിലെ തൊഴിൽ ദിനത്തിലും തൊഴിലാളികളുടെ എണ്ണത്തിലും വർദ്ധനയുണ്ടാക്കാനും ഇതിലൂടെ കഴിഞ്ഞു.

കേരള ചരിത്രത്തിൽ സുവർണ്ണ ലിപികളിൽ ആലേഖനം ചെയ്ത മാസമായിരുന്നു 2021 മെയ്. അന്നാണ് നവചരിത്രം രചിച്ച് പിണറായി വിജയൻ സർക്കാർ തുടർഭരണത്തിലേറിയത്. മെയ് 20ന് മുഖ്യമന്ത്രി പിണറായി വിജയനും 20 മന്ത്രിമാരും ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ മുൻപാകെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഇതിനെ തുടർന്ന് ത്യാഗപൂർണ്ണമായ പൊതുപ്രവർത്തനത്തിന്റെ വഴികൾ പിന്നിട്ട കരുത്തിന്റെ തലപ്പൊക്കവുമായി പി. രാജീവ് കയർ വകുപ്പിന്റെ മന്ത്രിയായി ചുമതലയേറ്റു. വ്യവസായം നിയമം, കശുവണ്ടി വ്യവസായം എന്നിവയുടെ ചുമതലയും മുഖ്യമന്ത്രി അദ്ദേഹത്തിന് നൽകി.

കയർഫെഡിന്റെ സൂററ്റ് ഷോറൂമിന്റെ ഉദ്ഘാടനമായിരുന്നു കയർ മേഖലയിൽ ജൂലൈയിൽ നടന്ന പ്രധാന സംഭവം. സമാനതകളില്ലാത്ത സർക്കാർ സഹായം വഴി കയർ മേഖലയിൽ കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് കൂടുതൽ സമൃദ്ധവും സന്തോഷകരവുമായ ഓണക്കാലമാണ് ഓഗസ്റ്റിൽ കടന്നു പോയത്. 52.86 കോടി രൂപയാണ് ഓണക്കാലത്തോടനുബന്ധിച്ച് സർക്കാർ കയർ മേഖലക്ക് നൽകിയത്.

ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങൾ കയർ ഭൂവസ്ത്ര വിനിയോഗം സംബന്ധിച്ച് രണ്ടാംഘട്ട  സെമിനാറുകളുടെ കാലമായിരുന്നു. ആലപ്പുഴയിൽ നടന്ന വെർച്ച്വൽ കയർ കേരളയുടെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലും കയർഭൂവസ്ത്ര സെമിനാറുകൾ നടത്തിയിരുന്നു. ആകെ 121 കോടി രൂപയുടെ കയർ ഭൂവസ്ത്രം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുമായി ഈ സെമിനാറുകളിൽ കയർ വികസന വകുപ്പ് ധാരണാ പത്രം ഒപ്പിട്ടിരുന്നു. എന്നാൽ കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം നിശ്ചലമാവുകയും കയർ ഭൂവസ്ത്ര വിനിയോഗവും സ്തംഭിക്കുന്ന അവസ്ഥ സംജാതമായി.





ഈ സാഹചര്യത്തിൽ കയർ സംഭരണവും വിപണനവും വലിയ പ്രതിസന്ധിയിലേക്ക് നീങ്ങുകയുണ്ടായി. രണ്ടാം പിണറായി സർക്കാരിൽ വ്യവസായ നിയമ കയർ മന്ത്രിയായ പി. രാജീവ് ഈ വിഷയത്തിൽ വളരെ ഗൗരവപൂർവം ഇടപെടുകയും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് കയർ ഭൂവസ്ത്ര വിനിയോഗം ഊർജിതപ്പെടുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലായിരുന്നു കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും കയർ ഭൂവസ്ത്ര വിനിയോഗം സംബന്ധിച്ച് രണ്ടാംഘട്ട സെമിനാറുകൾ സംഘടിപ്പിച്ചത്. കയർഫെഡിന്റെ കേരളത്തിനു പുറത്തുള്ള 25-ാമത് ഷോറൂം ബാഗ്ലൂരിലെ ബസവന ഗുഡി ഗാന്ധി ബസാറിൽ മന്ത്രി പി. രാജീവ് ഡിസംബറിലാണ് ഓൺലൈനായി ഉദ്ഘാടനം ചെയ്തത്.

ചുരുക്കത്തിൽ കേരളത്തിലെ ഏറ്റവും പഴക്കമേറിയ പരമ്പരാഗത വ്യവസായത്തിന്റെ പുനർജന്മകാലത്തെ ഏറ്റവും സുപ്രധാനമായ വർഷമാണ് കടന്നു പോയത്. സമൂലമായ യന്ത്രവത്കരണത്തിന്റെ കാലം കൂടി ആയിരുന്നു അത്. യന്ത്രവത്കൃത മില്ലുകൾ, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഓട്ടോമാറ്റിക് ലൂമുകൾ, കൊക്കോലോഗ്, കയർ മൾച്ചിംഗ് ഷീറ്റ്, വിവിധതരം കയർ കോമ്പോസിറ്റുകൾ, കയർ അക്വാസ്റ്റിക് ബോർഡ്, ചകിരി മാറ്റ്രസ്, ചകിരിച്ചോറ് ബ്രിക്കറ്റ് എന്നിവയ്ക്ക് പുതിയ ഫാക്ടറികൾ തുടങ്ങി യന്ത്രവത്കരണത്തിന്റേയും വൈവിധ്യവത്കരണത്തിന്റേയും കാലമെന്ന് 2021 കയർ മേഖലയുടെ ചരിത്രത്തിൽ സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തപ്പെടുക തന്നെ ചെയ്യും.

*(അവസാനിച്ചു)*

# ജനുവരി 30 രക്തസാക്ഷിദിനം

**ഗാന്ധിജിയുടെ ഓർമ്മകൾക്ക് അത്രമേൽ പ്രസക്തിയുള്ള കാലവുമാണിത്. നാടിന്റെ മതേതരത്വം കാത്തുസൂക്ഷിക്കുന്നതിനും പരസ്പര സ്നേഹത്തിലധിഷ്ഠിതമായ സമത്വം പുലരുന്ന ഭാവിയിലേക്ക് നടക്കുന്നതിനും ഗാന്ധിജിയുടെ ഓർമ്മകൾ നമുക്ക് കരുത്താകട്ടെ. മതേതര മൂല്യങ്ങളുടെ പതാക വാഹകരാകുന്നതിനൊപ്പം വർഗീയവാദികൾക്കെതിരായ പോരാട്ടം ശക്തിപ്പെടുത്തുമെന്നും ഗാന്ധി രക്തസാക്ഷി ദിനത്തിൽ പ്രതിജ്ഞ ചെയ്യാം.**



ജനുവരി 30, രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ നെഞ്ചിലേക്ക് മതവർഗീയവാദികൾ വെടിയുതിർത്ത ദിവസം. വർഗീയതക്കെതിരെ എക്കാലവും നിലകൊണ്ട ഗാന്ധിജിയെ കൊന്നവർ തന്നെ ഗാന്ധി സ്മൃതി നടത്തുന്ന കാലഘട്ടത്തിൽ ചരിത്രം തിരിച്ചുപിടിക്കുകയെന്ന സുപ്രധാന ദൗത്യം കൂടി നമ്മളിൽ നിക്ഷിപ്തമാണ്. അതിനായി നാം ചരിത്രം പറഞ്ഞുകൊണ്ടേയിരിക്കേണ്ടതുണ്ട്. എക്കാലവും സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കാൻ വിമുഖത കാണിച്ചവർ ഗാന്ധിക്കൊപ്പം സമരമുഖത്തുണ്ടായിരുന്നുവെന്ന് പറയുമ്പോൾ അതിനെ ഖണ്ഡിക്കാനും സത്യം ജനങ്ങളെ ബോധ്യപ്പെടുത്താനും കഴിയുന്ന സമൂഹത്തെ വാർത്തെടുക്കാനും നമുക്ക് സാധിക്കണം.

സാഹോദര്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചതിന്റെ പേരിൽ ഗാന്ധിജി കൊലചെയ്യപ്പെട്ടപ്പോൾ മധുരം നൽകിയവരുടെ പിൻമുറക്കാർ ഇന്ന് ഗാന്ധി ഘാതകന് അമ്പലം പണിയുന്നു. ഗാന്ധിജിയുടെ രൂപത്തിന് നേരെ വീണ്ടും വെടിയുതിർത്ത് ആഹ്ലാദം പ്രകടിപ്പിക്കുന്നു. അവർ വർഗീയതക്ക് വിളനിലമൊരുക്കി, അതിൽ നിന്ന് ലാഭം നേടാൻ നമുക്ക് ചുറ്റുമുണ്ട്. അതുകൊണ്ട് തന്നെ ഗാന്ധിജിയുടെ ഓർമ്മകൾക്ക് അത്രമേൽ പ്രസക്തിയുള്ള കാലവുമാണിത്. നാടിന്റെ മതേതരത്വം കാത്തുസൂക്ഷിക്കുന്നതിനും പരസ്പര സ്നേഹത്തിലധിഷ്ഠിതമായ സമത്വം പുലരുന്ന ഭാവിയിലേക്ക് നടക്കുന്നതിനും ഗാന്ധിജിയുടെ ഓർമ്മകൾ നമുക്ക് കരുത്താകട്ടെ. മതേതര മൂല്യങ്ങളുടെ പതാകവാഹകരാകുന്നതിനൊപ്പം വർഗീയവാദികൾക്കെതിരായ പോരാട്ടം ശക്തിപ്പെടുത്തുമെന്നും ഗാന്ധി രക്തസാക്ഷി ദിനത്തിൽ പ്രതിജ്ഞ ചെയ്യാം.

## കുറ്റ്യാടിയിൽ കയർ ഭൂവസ്ത്രം വിരിക്കൽ പദ്ധതി

# നാടിന്റെ തൊണ്ട വരളാതിരിക്കാൻ കയർ കൊണ്ടൊരു കരുതൽ

**കു**ടിവെള്ളത്തിനായി അലയാതിരിക്കാൻ കയർ കൊണ്ട് കരുതലൊരുക്കി കുറ്റ്യാടി ഗ്രാമപഞ്ചായത്ത്. ഒഴുകി പാഴാക്കുന്ന മഴവെള്ളത്തെ തിരിച്ചുപിടിക്കുന്നതിനായി കയ്യാലകളിലും മണ്ണൊലിപ്പിന് സാദ്ധ്യതയുള്ള പ്രദേശങ്ങളിലും കയർ ഭൂവസ്ത്രം അണിയിക്കുന്ന തിരക്കിലാണ് തൊഴിലുറപ്പ് തൊഴിലാളികൾ.

2021-22 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കയർ ഭൂവസ്ത്രം വിരിക്കൽ പുരോഗമിക്കുന്നത്. പദ്ധതി പൂർത്തിയാവുന്നതോടെ കുടിവെള്ള ക്ഷാമത്തിന്റെ രൂക്ഷത അനുഭവിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് ഉൾപ്പെടെ ആശ്വാസമാവും.

മഴവെള്ളം പരമാവധി ഭൂമിയിലേക്ക് ആഴ്ന്നിറക്കാനും അതിലൂടെ ഭൂഗർഭ ജലനിരപ്പ് ഉയർത്തുകയുമാണ് ലക്ഷ്യം. വേനലിലെ ജലക്ഷാമത്തിന് ഇതിലൂടെ പരിഹാരമാവും. കനാലുകളുടെയും തോടുകളുടെയും തീരങ്ങളിൽ കയർ ഭൂവസ്ത്രം വിരിക്കുന്നതിലൂടെ മണ്ണിടിച്ചിൽ തടയാനാകും. കയ്യാലകളിൽ കയർ ഭൂവസ്ത്രം വിരിക്കുന്നതിനൊപ്പം മഴക്കുഴികളും നിർമ്മിക്കുന്നുണ്ട്. മുളയാണി ഉപയോഗിച്ചാണ് കയർ ഭൂവസ്ത്രം ഉറപ്പിക്കുന്നത്. മുകളിലായി തീറ്റപ്പുല്ലുകൾ പിടിപ്പിക്കും. വടയംകരിങ്കൽ പാലം തോടും തറപുറത്ത് താഴ തോടിന്റെ ഒരു കിലോമീറ്റർ നീളത്തിലും കയർ ഭൂവസ്ത്രം വിരിച്ച് പുല്ലുകൾ പാകി കഴിഞ്ഞു. പഞ്ചായത്ത് മുഴുവൻ പദ്ധതി നടപ്പാക്കാനാണ് ഭരണസമിതിയുടെ തീരുമാനം. ഇതിനായി ഓരോ വാർഡിനും 15 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.



*വടയം മേഖലയിൽ കയർ ഭൂവസ്ത്രം വിരിക്കുന്ന തൊഴിലുറപ്പ് തൊഴിലാളികൾ.*



*മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്കിന് കീഴിലുള്ള ചോക്കാട് ഗ്രാമപഞ്ചായത്തിലെ യു.പി സ്കൂളിലെ ഷട്ടിൽ കോർട്ടിൽ കയർ ഭൂവസ്ത്രം വിരിക്കുന്നു.*



*.കായംകുളം കയർ പ്രോജക്ടിലെ മുതുകുളം നോർത്ത് 164-ൽ ആട്ടോമാറ്റിക് കയർ സ്പിന്നിംഗ് മെഷീനിൽ നടത്തിയ കയർപിരി പരിശീലനം കായംകുളം കയർ പ്രോജക്ട് ഓഫീസർ ഉദ്ഘാടനം ചെയ്യുന്നു.*



# ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനിൽ പരിശീലനം

**ആ**റാട്ടുപുഴ കരീത്ര കയർ വ്യവസായ സഹ കരണ സംഘം ലിമിറ്റഡ് നം. 648-ൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനിൽ പരിശീലനം സമാപിച്ചു. പരിശീലനാർത്ഥികൾക്ക് കയർ ഇൻസ്പെക്ടർ വി. രാജേഷ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. എൻ.സി. ആർ.എം.ഐ-യിലെ മൻജിത്ത് പദ്ധതി വിവരണം നട ത്തി.

സംഘം പ്രസിഡന്റ് ജിന്ന അദ്ധ്യക്ഷത വഹിച്ചു. കയർ കോർപറേഷൻ പ്രതിനിധി അനിരുദ്ധൻ, ട്രെയി നർമാരായ രജനി, സീമ എന്നിവർ പങ്കെടുത്തു.




*ഖാദി ഗ്രാമ വ്യവസായ ബോർഡ് കളമശ്ശേരിയിൽ സംഘടിപ്പിച്ച 'ഖാദി വ്യവസായ മേഖലയിലെ പ്രശ്നങ്ങളും പരിഹാരവും' ശിൽപശാല മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു. ഖാദി ബോർഡ് വൈസ് ചെയർമാൻ പി.ജയ രാജൻ സമീപം.*

# കയർഫെഡ് എം.ഡി സി. സുരേഷ്കുമാർ രാജിവച്ചു വി.ആർ.വിനോദ് ഐ.എ.എസിന് ചുമതല

**ക**യർഫെഡ് മാനേജിംഗ് ഡയറക്ടർ സി. സുരേഷ്കുമാർ വ്യക്തിപരമായ കാരണങ്ങളാൽ രാജിവച്ചതിനെ തുടർന്ന് കയർ വികസന ഡയറക്ടറും സംസ്ഥാന ഭക്ഷ്യ സുരക്ഷാ കമ്മീഷണറുമായ വി.ആർ. വിനോദ് ഐ.എ.എസിന് കയർഫെഡിന്റെ മാനേജിംഗ് ഡയറക്ടറുടെ ചുമതല നൽകി സർക്കാർ ഉത്തരവായി.

ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് കയർഫെഡിന്റെ മാനേജിംഗ് ഡയറക്ടറുടെ ചുമതല വഹിച്ചിരുന്ന കയർ വികസന ഡയറക്ടർ എൻ. പത്മകുമാർ ഐ.എ.എസിന്റെ പിൻഗാമിയായാണ് ഫിലിപ്പ്സ് ഓഫ് ഇൻഡ്യ എന്ന സ്ഥാപനത്തിൽ സേവനമനുഷ്ഠിച്ചിട്ടുള്ള സി. സുരേഷ്കുമാർ കയർഫെഡ് മാനേജിംഗ് ഡയറക്ടറായി നിയമിതനായത്. നാലരവർഷക്കാലത്തോളം നീണ്ട സ്തുത്യർഹ സേവനത്തിനു ശേഷമാണ് അദ്ദേഹം കയർഫെഡിൽ നിന്നും വിടപറഞ്ഞത്.



*സി. സുരേഷ്കുമാർ*



*വി.ആർ. വിനോദ് ഐ.എ.എസ്*

# മന്ത്രി പി. രാജീവിന്റെ റിപ്പബ്ലിക് ദിനാശംസ



**1950** ജനുവരി 26 ന് ഭരണഘടന നിലവിൽ വരികയും റിപ്പബ്ളിക് ദിനാചരണം ആരംഭിക്കുകയും ചെയ്യുന്നതിന് മുൻപ് ഇതേ ദിനം സ്വാതന്ത്ര്യ ദിനമായാണ് രണ്ട് പതിറ്റാണ്ടോളം ആചരിച്ചത്. പൂർണ സ്വാതന്ത്ര്യത്തിനായി സ്വയം സമർപ്പിക്കുമെന്ന് പതിനായിരങ്ങൾ ഇന്ത്യയുടെ ഗ്രാമഗ്രാമാന്തരങ്ങളിലും ചെറുപട്ടണങ്ങളിലും പ്രതിജ്ഞയെടുത്തു. പല കൈവഴികളായി ഒഴുകിയൊന്നായ ദേശീയ സ്വാത്രന്ത്ര്യ പ്രസ്ഥാനത്തിന്റെ സംഭാവനകളായ പൗരസമത്വം, സാമൂഹ്യ സാമ്പത്തിക നീതി, പാർലമെന്ററി ജനാധിപത്യം, മത നിരപേക്ഷത എന്നിങ്ങനെയുള്ള സങ്കൽപങ്ങളാണ് പിന്നീട് ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന പ്രമാണങ്ങളായി മാറിയത്.

ഒരു പുതിയ ഭരണഘടനയിലൂടെ ഇന്ത്യയെ സ്വതന്ത്രയാക്കുകയും, ജനതയുടെ പട്ടിണിയകറ്റുകയും, നഗ്നത മറക്കാനുള്ള വസ്ത്രമണിയിക്കുകയും വളരാനും വികസിക്കാനുമുള്ള തുല്യാവസരം പ്രദാനം ചെയ്യുകയുമാണ് ഈ സഭയുടെ ആദ്യ ദൗത്യം എന്ന് ജവഹർലാൽ നെഹ്റു ഭരണഘടനാ അസംബ്ളിയിൽ പ്രഖ്യാപിച്ചു.

കാലത്തിന്റെ പരീക്ഷണങ്ങളെ അതിജീവിച്ചതാണ് നമ്മുടെ ഭരണഘടന. ജനാധിപത്യം, മത നിരപേക്ഷത എന്നീ സുപ്രധാന പരികൽപനകൾ പല സന്ദർഭങ്ങളിലും കടുത്ത പരീക്ഷകൾക്ക് വിധേയമായി. അത്തരം വെല്ലുവിളികൾ ഏതു സമയത്തും ഇനിയുമുയരാം. അവയെ നേരിടാൻ ഭരണഘടനയെ കൂടുതൽ കരുത്തോടെ സംരക്ഷിക്കുകയാണ് ഇന്നത്തെ ഉത്തരവാദിത്വം. ഏവർക്കും റിപ്പബ്ലിക് ദിനാശംസകൾ നേരുന്നു.

# 2022 സംരംഭക വർഷം

വരുന്ന സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കാനും ഒരു ലക്ഷം സംരംഭങ്ങൾ പുതുതായി ആരംഭിക്കാനുമുള്ള തീരുമാനത്തിന്റെ ഭാഗമായി തദ്ദേശ സ്ഥാപനതലത്തിൽ ലൈസൻസ് മേളകൾ സംഘടിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു. പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ആവശ്യമുള്ള അനുമതികൾ തത്സമയം ലഭ്യമാക്കുന്നതിനാണ് ലൈസൻസ് മേളകൾ സംഘടിപ്പിക്കുന്നത്. ഇതോടൊപ്പം കൃഷി, ഫിഷറീസ്, ടൂറിസം, കന്നുകാലി വളർത്തൽ തുടങ്ങി വിവിധ മേഖലകളിൽ പുതിയ സംരംഭങ്ങൾക്ക് അവസരമൊരുക്കാനും വ്യവസായ മന്ത്രി കൃഷി, ടൂറിസം, ഫിഷറീസ്, മൃഗ സംരക്ഷണം എന്നീ വകുപ്പുമന്ത്രിമാരുമായി ചേർന്ന് നടത്തിയ യോഗത്തിൽ തീരുമാനിച്ചു.

ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള എല്ലാ ഏജൻസികളും സംരംഭക വർഷത്തിന്റെ ഭാഗമാകുമെന്ന് മന്ത്രി സജി ചെറിയാൻ പ്രഖ്യാപിച്ചു. മികച്ച വിപണന പദ്ധതി തയാറാക്കണമെന്ന ഫിഷറീസ് മന്ത്രിയുടെ നിർദ്ദേശം പ്രയോഗക്ഷമമാക്കും. ടൂറിസം വകുപ്പു നടപ്പാക്കിയ കാരവാൻ പദ്ധതിയുടെ തുടർച്ചയായി പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന ടൂറിസം മന്ത്രി പി.എ മുഹമ്മദ് റിയാസിന്റെ ഉറപ്പ് വലിയ ആത്മവിശ്വാസം നൽകുന്നു.

മൃഗ സംരക്ഷണ - ക്ഷീര വികസന മേഖലയിൽ പുതിയ സംരംഭങ്ങൾക്ക് അവസരമൊരുക്കുമെന്ന്




മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയും ഉറപ്പു നൽകി. ആട്, പന്നി വളർത്തൽ മേഖലയിൽ നിലവിലുള്ള നിയമങ്ങൾ പരിഷ്കരിച്ച് സംരംഭകർക്കനുകൂലമായ മാറ്റങ്ങൾ കൊണ്ടുവരും. ഒരു ലക്ഷം സംരംഭങ്ങളിൽ വലിയൊരു പങ്ക് ഈ മേഖലയിൽ സൃഷ്ടിക്കാൻ സാധിക്കും. മുട്ട, മാംസം ഉത്പാദനത്തിൽ പിറകിലായ കേരളത്തിന് വലിയ സാധ്യതകളുണ്ട്.



*2022 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം എം.എസ്.എം.ഇ. യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള വ്യവസായ വകുപ്പിന്റെ തീരുമാനം നടപ്പാക്കുന്നതുസംബന്ധിച്ച് ചേർന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എം. ഡിമാരുടെ യോഗം സംസ്ഥാന വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു.*

മൂല്യവർധിത കാർഷിക ഉൽപന്ന മേഖലയിൽ പുതിയ സംരംഭങ്ങൾക്കുള്ള വലിയ സാധ്യതകൾ കൃഷി മന്ത്രി പി. പ്രസാദ് ചൂണ്ടിക്കാട്ടി. ജൈവ വിളകൾക്കുള്ള വിപണിയുടെ സാധ്യതയും ഉപയോഗിക്കുന്നതാണ്. സംരംഭക വർഷം പദ്ധതിയുടെ ഏകോപനത്തിനായി സംസ്ഥാന തലം മുതൽ പ്രാദേശിക തലം വരെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അടങ്ങിയ കോർ കമ്മിറ്റി രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. പുതിയ സംരംഭങ്ങളെ വിപണനത്തിൽ സഹായിക്കാൻ ഇ-കോമേഴ്സ് പോർട്ടൽ തയാറാക്കും. കേരള ബ്രാന്റിൽ വിപണനം ചെയ്യാൻ യോഗ്യതയുള്ള ഉത്പന്നങ്ങൾക്ക് പ്രത്യേക ലൈസൻസ് നൽകും. വ്യവസായ പുരോഗതിയെ അടിസ്ഥാനമാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അവാർഡ് നൽകുന്നതും സർക്കാർ

പരിഗണിക്കുന്നുണ്ട്.

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ്, സഹകരണ വകുപ്പ് മന്ത്രിമാരുടെ യോഗവും കൂടിയിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരുടെയും സഹകരണ ബാങ്ക് പ്രസിഡന്റു മാരുടെയും സെക്രട്ടറിമാരുടെയും യോഗവും ചേരുക യുണ്ടായി. വ്യവസായികളുമായും തൊഴിലാളി സംഘ ടനാ പ്രതിനിധികളുമായും പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാ വകുപ്പുകളും വിഭാഗങ്ങളും യോജിച്ച് അണിനിരക്കുന്ന ഒരു ജനകീയ സംരംഭമായി സംരംഭക വർഷം മാറുമെന്നും വ്യവസായ മന്ത്രി അറിയിച്ചു

വരുന്ന സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കാനും ഒരു ലക്ഷം സംരംഭങ്ങൾ പുതുതായി ആരംഭിക്കാനുമുള്ള വ്യവസായ വകുപ്പിന്റെ പദ്ധതിക്ക് പൂർണ പിന്തുണയറിയിച്ചിരിക്കുകയാണ് തൊഴിലാളി സംഘടനകൾ. തൊഴിലാളി സംഘടനാ നേതാക്കളു മായി മന്ത്രി നടത്തിയ കൂടിക്കാഴ്ചയിലാണ് പദ്ധതി ക്കുള്ള പിന്തുണ യൂണിയനുകൾ അറിയിച്ചത്. പുതിയ സംരംഭങ്ങളിലെ വേതന നിരക്ക് നിശ്ചയിക്കുമ്പോൾ, അവ മുന്നോട്ട് പോകുമെന്ന് ഉറപ്പു വരുത്തുന്നതും യാ ഥാർത്ഥ്യബോധത്തിൽ അധിഷ്ഠിതവുമായ നിലപാട് സ്വീകരിക്കണമെന്ന് തൊഴിലാളി നേതാക്കളോട് മന്ത്രി അഭ്യർത്ഥിച്ചു. കൂടിക്കാഴ്ചയിൽ പങ്കെടുത്ത എല്ലാ യൂണിയൻ പ്രതിനിധികളും സർക്കാരിന്റെ പുതിയ പദ്ധതിക്ക് പിന്തുണ അറിയിച്ചിട്ടുണ്ട്.

ഗ്രാമീണ സമ്പദ്ഘടനയിൽ വളർച്ചയുണ്ടാക്കാൻ ഈ പദ്ധതി സഹായിക്കുമെന്ന് സി.ഐ.ടി.യു. സം സ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എം.പി പറഞ്ഞു. പുതിയ സംരംഭങ്ങൾ ഗ്രീൻ ഇൻഡസ്ട്രി വിഭാഗത്തിൽ തന്നെ ആരംഭിക്കണമെന്നും അദ്ദേഹം നിർദേശിച്ചു. വ്യവസായ സമൂഹത്തിൽ വലിയ മാറ്റ ങ്ങൾ കൊണ്ടുവരാൻ പര്യാപ്തമായ പദ്ധതിയാണിതെ ന്നാണ് ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ. ചന്ദ്രശേഖരൻ അഭിപ്രായപ്പെട്ടത്. കേരള ബ്രാന്റ് ഉൽ പ്പന്നങ്ങളുടെ വിപണനത്തിന് വിപുലമായൊരു മാർ ക്കറ്റിങ്ങ് ശൃംഖലയും ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകു പ്പുകളെ ഏകോപിപ്പിച്ചുകൊണ്ടാണ് പദ്ധതി ആസൂത്ര ണം ചെയ്യുന്നത്. ബൃഹത്തായ ക്യാമ്പെയിനിലൂടെ ആരംഭിക്കുന്ന പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ശിൽപ്പശാലകൾ സംഘടി പ്പിക്കും. ഇതിന് ശേഷം നടക്കുന്ന ലൈസൻസ്/ ലോൺ/സബ്സിഡി മേളകളിലൂടെയാണ് സംരംഭ കർ സംരംഭങ്ങൾ ആരംഭിക്കുന്നത്. ഇതിനാവശ്യമായ പിന്തുണ തദ്ദേശ സ്വയംഭരണ വകുപ്പും സഹകരണ വകുപ്പും ഉറപ്പ് വരുത്തുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങളു ടെയും ജിയോ ടാഗിംഗ് ഉള്ള ഉത്പന്നങ്ങളുടെയും വിൽപ്പന ഉറപ്പ് വരുത്തുന്നതിനായി ആധുനിക രീതി യിലുള്ള മാർക്കറ്റിംഗ് പോർട്ടൽ സജ്ജമാക്കുന്നത് നി ലവിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ആസൂത്രണം ചെ യ്യുന്നുണ്ട്. ഇതിന്റെ കൂടെ ഒരു പഞ്ചായത്ത് ഒരു ഉത്പ ന്നം എന്ന രീതിയിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്കും മാർക്കറ്റിംഗ് ഉറപ്പ് വരുത്താൻ ശ്രമിക്കും. ഇവർക്ക് കൂടി സഹായകമാകുന്ന രീതിയിൽ മെയ്ഡ് ഇൻ കേരള ബ്രാന്റ് പ്രോത്സാഹിപ്പിക്കാനും ശ്രമിക്കും.

# മെഷിനറി എക്സ്പോ ഉദ്ഘാടനം ചെയ്തു



*കൊച്ചിയിൽ നടന്ന മെഷിനറി എക്സ്പോ മന്ത്രി പി.രാജീവ് സന്ദർശിക്കുന്നു.*

**വ്യ**വസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കേരളത്തിന്റെ വ്യവസായ യന്ത്ര പ്രദർശന മേളയായ 'മെഷിനറി എക്സ്പോ 2022' വ്യവസായ നിയമ കയർ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. കോവിഡ് സാഹചര്യം കണക്കിലെടുത്തുകൊണ്ട് നേരത്തെ നിശ്ചയിച്ച തീയതിയിൽ നിന്നും വ്യത്യസ്തമായി ജനുവരി 27 വരെയാകും മേള നടത്തപ്പെടുക. എക്സിബിറ്റേഴ്സ് ആയി മേളയിൽ പങ്കെടുക്കുന്ന എല്ലാവരും 48 മണിക്കൂറിനുള്ളിൽ നടത്തിയ ആർ.ടി. പി.സി.ആർ. നെഗറ്റീവ് സർട്ടിഫിക്കറ്റ് ഉള്ളവരാ യിരിക്കും. മേള സന്ദർശിക്കാൻ വരുന്നവർക്കും രണ്ട് ഡോസ് വാക്സിനെടുത്ത സർട്ടിഫിക്കറ്റ് ആവശ്യ മാണ്.

എറണാകുളം കലൂർ ജവഹർലാൽ നെഹ്റു ഇന്റർ

നാഷണൽ സ്റ്റേഡിയം ഗ്രൗണ്ടിൽ സംഘടിപ്പിക്കുന്ന എക്സ്പോയിൽ കാർഷിക-ഭക്ഷ്യ സംസ്ക്കരണം, വസ്ത്ര നിർമ്മാണം, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ജനറൽ എഞ്ചിനീയറിംഗ്, പാക്കേജിംഗ് ഫാർമസ്യൂട്ടിക്കൽസ്, ആയുർവേദ ഹെർബൽ, പ്രിന്റിംഗ്, റബർ & പ്ലാസ്റ്റിക് തുടങ്ങിയമേഖലകളിലെ നൂതന യന്ത്രസാമഗ്രികളും സാങ്കേതികവിദ്യകളും മറ്റും പ്രദർശിപ്പിക്കും. ഇതിന് പുറമെ കേരളത്തിലെ സൂക്ഷ്മ-ചെറുകിട മേഖലയിലെ ഉത്പാദകർക്ക് അവർക്കാവശ്യമായ അത്യാധുനിക യന്ത്രോപകരണങ്ങളും സാങ്കേതികവിദ്യയും മനസ്സിലാക്കാനും സ്വന്തമാക്കാനും മേളയിലൂടെ അവസരമൊരുക്കും. വിശാലമായ പവലിയനിൽ 140 സ്റ്റാളുകൾക്ക് പുറമെ മെഡിക്കൽ ഹെൽപ് ഡെസ്ക് സൗകര്യവും ഒരുക്കിയിട്ടുണ്ട്.

ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ കുറഞ്ഞ സമയത്തിൽ കൂടുതൽ ഉത്പന്നങ്ങൾ ഉന്നതനിലവാരത്തിൽ നിർമ്മിക്കാൻ സാധിക്കുന്നതാണ് പുതിയ കാലത്തിന്റെ അടയാളം. ഇതിന്റെ പ്രായോഗികതയും മറ്റ് വശങ്ങളും സംരംഭകർക്ക് മനസിലാക്കി നൽകുന്നതിനായി മെഷിനറികളുടെ തത്സമയ ഡെമോ പ്രദർശനവും ഉണ്ടായിരിക്കുന്നതാണ്. 2022 വർഷത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനുള്ള വലിയൊരു കാൽവെയ്പ് സർക്കാർ തലത്തിൽ കൈക്കൊണ്ട് സാഹചര്യത്തിൽ സൂക്ഷ്മ-ചെറുകിട സംരംഭകർക്ക് ഏറെ പ്രയോജനകരമാകും മെഷിനറി എക്സ്പൊ.

# സൃഷ്ടികൾ ക്ഷണിക്കുന്നു



**ക**യർഫെഡ് പ്രസിദ്ധീകരണമായ കയർ വ്യവസായം മാസികയിൽ പ്രസിദ്ധീകരിക്കുന്നതിനായി സൃഷ്ടികൾ ക്ഷണിക്കുന്നു. നാളികേര കൃഷി, കയർ വ്യവസായം എന്നിവയുമായി ബന്ധപ്പെട്ട ലേഖനങ്ങളും അഭിമുഖങ്ങളും, കഥകൾ, കവിതകൾ, കാർട്ടൂണുകൾ, കൗതുക വാർത്തകൾ എന്നിവയ്ക്കായിരിക്കും മുൻഗണന. സൃഷ്ടികൾ ചീഫ് എഡിറ്റർ, കയർ വ്യവസായം മാസിക,കയർഫെഡ്, പിബി നമ്പർ-4616, ആല പ്പുഴ - 688012 എന്ന വിലാസത്തിലോ, coirfedprd @gmail.com എന്ന ഇ മെയിലിലോ 82810 09833 എന്ന വാട്സ്ആപ്പ് നമ്പരിലേക്കോ അയക്കാം. എഡിറ്റോറിയൽ ബോർഡ് പരിശോധനക്കു ശേഷം യോഗ്യമായവ പ്രസിദ്ധീകരിക്കുന്നതാണ്.

# കശുവണ്ടി വ്യവസായം കാലത്തിനൊത്ത് മാറണം: മന്ത്രി പി. രാജീവ്

കശുവണ്ടി വ്യവസായം ഇങ്ങനെ പോയാൽ പോര. കാലത്തിനൊത്ത മാറ്റം ഈ മേഖലയിൽ ഉണ്ടാവണമെന്ന് സംസ്ഥാന വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു. തൊഴിൽ സംരക്ഷണം ഉറപ്പു വരുത്തി കശുവണ്ടി വ്യവസായം ആധുനികവത്കരിക്കുന്നതിനും വൈവിധ്യവത്കരിക്കുന്നതിനും മാസ്റ്റർ പ്ലാൻ തയാറാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ധനമന്ത്രി കെ.എൻ. ബാലഗോപാൽ കൂടി പങ്കെടുത്ത് ചേർന്ന ഉന്നതതല യോഗത്തിൽ ഇത് സംബന്ധിച്ച മറ്റ് വിശദാംശങ്ങളും ചർച്ച ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായത്തെ ശക്തിപ്പെടുത്താൻ ആവശ്യമായ സാമ്പത്തിക ഇടപെടൽ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകും. കശുവണ്ടി കോർപ്പറേഷൻ, കാപ്പക്സ് എന്നിവയുടെ പ്രവർത്തനം വിലയിരുത്താനായി മറ്റൊരു അവലോകന യോഗവും ചേർന്നു.

തോട്ടണ്ടിയുടെ വില വർദ്ധനവും ഇറക്കുമതി ചുങ്കവും കശുവണ്ടി വ്യവസായത്തെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഉത്പാദന ചെലവ് ഇരട്ടിയിലധികമാണ്. ആധുനികവത്കരണം നടപ്പിലാക്കാത്തതാണ് ഇതിനു



പ്രധാന കാരണം. മാർക്കറ്റിംഗിലും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ കാര്യത്തിലും ഇനിയും മുന്നോട്ട് പോകേണ്ടതുണ്ട്. ഇതെല്ലാം പരിഹരിക്കുന്നതിനായിരിക്കും മാസ്റ്റർ പ്ലാനിൽ പ്രധാന പരിഗണന നൽ

കുക. പ്രൊഫഷണൽ ഏജൻസികളുടെ സഹായവും ഇതിനായി തേടും. കശുവണ്ടി കോർപ്പറേഷന്റേയും കാപ്പക്സിന്റേയും മേൽനോട്ട ചുമതല റിയാബിന് നൽകും. രണ്ടു സ്ഥാപനങ്ങളുടെ കീഴിലുള്ള ഫാക്ടറികളിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഒരു ദിവസം പോലും തൊഴിൽ നഷ്ടപ്പെട്ടില്ലെന്ന് ചെയർമാൻമാർ അറിയിച്ചിട്ടുണ്ട്.

കുറഞ്ഞ വിലക്ക് ഗുണമേൻമയുള്ള കശുവണ്ടി അന്താരാഷ്ട്ര കമ്പോളത്തിൽ ലഭിക്കുന്ന അവസരത്തിൽ അത് വാങ്ങാൻ ശ്രമിക്കണമെന്ന നിർദേശം കാഷ്യു ബോർഡിന് നൽകി. സർക്കാരിന്റെ കൂടി സാന്നിധ്യത്തിലുണ്ടാക്കിയ ഒറ്റ തവണ തീർപ്പാക്കലിലെ വ്യവസ്ഥകൾ ചില ബാങ്കുകൾ നടപ്പിലാക്കുന്നില്ലെന്ന പരാതി വ്യവസായികൾ ഉന്നയിച്ചു. ഇക്കാര്യത്തിൽ ഇടപെടുമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ ചെറുകിട കശുവണ്ടി വ്യവസായങ്ങൾക്ക് പ്രതികൂലമാകുന്ന വിധത്തിൽ ബാങ്കുകളുടെ ഭാഗത്ത് നിന്നുണ്ടാകുന്ന നടപടികൾ ലഘൂകരിക്കാൻ ശ്രമിക്കും. സ്വകാര്യ കശുവണ്ടി വ്യവസായത്തിന് കൈത്താങ്ങായി പുതിയ പുനരുദ്ധാരണ പാക്കേജ് സർക്കാർ നേരത്തെ പ്രഖ്യാപിച്ചിരുന്നു. 10 കോടി രൂപ വരെയുള്ള വായ്പകളുടെ പലിശ എഴുതിത്തള്ളാനും രണ്ട് കോടി വരെയുള്ള വായ്പകൾക്ക് 50% നൽകിയും രണ്ട് കോടി മുതൽ 10 കോടി വരെയുള്ള വായ്പകൾക്ക് 60% വരെ നൽകിയും വൺ ടൈം സെറ്റിൽമെന്റ് നൽകാനും പാക്കേജ് പ്രകാരം സഹായം നൽകുന്നുണ്ട് എന്നും മന്ത്രി പി. രാജീവ് അറിയിച്ചു.

# പദ്ധതി നിരീക്ഷണത്തിന് കേന്ദ്രീകൃത ഓൺലൈൻ സംവിധാനം




**വ്യ**വസായ, കയർ വകുപ്പുകളുടേയും വകുപ്പിന് കീഴിലുള്ള വിവിധ ഏജൻസികളുടേയും സ്ഥാപനങ്ങളുടേയും പദ്ധതികൾ നിരീക്ഷിക്കുന്നതിനുള്ള കേന്ദ്രീകൃത ഓൺലൈൻ സംവിധാനം നിലവിൽ വരികയാണ്. പദ്ധതികളുടെ പുരോഗതി തൽസമയം നിരീക്ഷിക്കുന്നതിനും ആവശ്യമായ ഇടപെടൽ നടത്തി നിർവഹണം സുഗമമാക്കുന്നതിനുമുള്ള സൗകര്യമാണ് കേന്ദ്രീകൃത നിരീക്ഷണ സംവിധാനത്തിലുണ്ടാവുക.

ഓരോ പദ്ധതിക്കും മേൽനോട്ടം വഹിച്ച് പദ്ധതി നിർവഹണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികൾ ഈ പ്രോജക്ട് മാനേജ്മെൻറ് സംവിധാനത്തിന് കീഴിൽ കൊണ്ടുവരും. കേന്ദ്രീകൃത ആക്ടിവിറ്റി കലണ്ടർ മുഖേന ഇവ ബന്ധിപ്പിക്കും. പദ്ധതികളുടെ സാമ്പത്തിക പുരോഗതി, ഭൗതിക പുരോഗതി, നേട്ടങ്ങൾ എന്നിവ തൽസമയം നിരീക്ഷിക്കാൻ ഇത് അവസരമൊരുക്കും.

നിർവഹണ ഉദ്യോഗസ്ഥർക്ക് പദ്ധതി നടപ്പാക്കുമ്പോഴുള്ള ബുദ്ധിമുട്ടുകളും പരാതികളും റിപ്പോർട്ട് ചെയ്യുന്നതിനും ഇതിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും മന്ത്രി തലത്തിലും പരിഹാരം കാണേണ്ട പ്രശ്നങ്ങൾക്ക് അതത് തലത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സൗകര്യവുമുണ്ട്. പദ്ധതികളുടെ സ്ഥലം ഏറ്റെടുക്കൽ, സ്ഥലം അനുവദിക്കൽ, നിർമ്മാണജോലികൾ, സംരംഭക വർഷത്തിന്റെ ഭാഗമായുള്ള ഒരു ലക്ഷം സംരംഭങ്ങളുടെ രൂപീകരണം, മീറ്റ് ദ മിനിസ്റ്റർ പരിപാടിയുടെ തുടർ നടപടികൾ എന്നിവയുടെ തത്സമയ സ്ഥിതി ഈ സംവിധാനത്തിലൂടെ നിരീക്ഷിക്കാനാകും.

മൊബൈൽ ആപ്പും ഇതോടൊപ്പം പുറത്തിറക്കും. പദ്ധതികളുടെ വിശദാംശങ്ങൾ ഓൺലൈൻ സംവിധാനത്തിലേക്ക് അപ്പ് ലോഡ് ചെയ്യുന്നതിനും, നിർമ്മാണ പുരോഗതിയുടെ ചിത്രങ്ങളും വീഡിയോയും ശേഖരിച്ച് പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിനും ആപ്പിലൂടെ കഴിയും. എം.ഐ എസ് സംവിധാനം, അനലിറ്റിക്സ് ഡാഷ്ബോർഡുകൾ എന്നിവ കൂടി ഉൾപ്പെടുന്നതാണ് പ്രോജക്റ്റ് മാനേജ്മെന്റ് സിസ്റ്റം. കേരളാ ഡിജിറ്റൽ യൂണിവേഴ്സിറ്റിയാണ് പി.എം.എസ് തയ്യാറാക്കിയത്. ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള ഡിജിറ്റൽ ഇന്നവേഷൻ ആന്റ് പ്രോഡക്ട് ഡെവലപ്പ്മെന്റ് സെന്ററാണ് ഇത് വികസിപ്പിച്ചത്.

# ആത്മീയം

## അഞ്ച് നാനോക്കഥകൾ



ജ്യോതി ടാഗോർ

### അമ്മ

മുക്കുവൻ കടലമ്മയ്ക്ക് നന്ദി പറഞ്ഞു. വലയിലായ മീനുകൾ അമ്മയെ വിളിച്ചു കരഞ്ഞു.
''മക്കളിലൊരാളുടെ കണ്ണുനീർ എന്റെ വിധിയാണ്'' അമ്മ മിഴി നിറച്ചു.

### പുരോഹിതൻ

പ്രാർത്ഥന കഴിഞ്ഞിറങ്ങിയ വിശ്വാസികൾക്കിടയിലൂടെ കുഞ്ഞിന്റെ രൂപം ധരിച്ച ദൈവം ദേവാലയത്തിലേയ്ക്ക് പ്രവേശിച്ചു. ആർഭാടത്താൽ ചീർത്ത ദേഹവും അധികാരത്താൽ ചെമന്ന കണ്ണുകളുമുള്ള പുരോഹിതൻ അപ്പോൾ തനിച്ചായിരുന്നു. ആ കുഞ്ഞിന്റെ നിലവിളികൾ കേട്ട് കുറെ വെള്ളരിപ്രാവുകൾ ദേവാലയമേൽക്കൂരയിൽ നിന്നു പറന്ന് പോയി.

### സന്തോഷം

എപ്പോഴും സന്തോഷവാനായിരിക്കുന്ന പിശാചിനെക്കണ്ട ദൈവം ചോദിച്ചു.''എന്താണ് നിന്റെ രഹസ്യം.''
പിശാച് ചിരിച്ചു- ''എന്നിൽ ആരുടെയും പ്രതീക്ഷകളില്ല''
ദൈവം തന്റെ വിഷാദങ്ങളിലേക്ക് മടങ്ങിപ്പോയി.

### വഴിവിളക്കുകൾ

തങ്ങൾ പകർന്ന പ്രകാശത്തിന് നന്ദി പറഞ്ഞ പഥികനെനോക്കി വഴിവിളക്കുകൾ പുഞ്ചിരിച്ചു. പിന്നിലെ ഇരുളിൽനിന്നുരുവം കൊള്ളുന്ന നിലവിളികൾ കേൾക്കാത്ത അവന്റെ ബധിരകർണ്ണങ്ങളെയോർത്ത് പിന്നെയവ മനമുരുകി.

### ദൈവം ഹാപ്പിയാണ്

ദൈവം ഹാപ്പിയാണ്. സ്രഷ്ടാവിനുമേൽ അധീശത്വമുള്ള ഒരേയൊരു സൃഷ്ടി താനാണ്.

## സർക്കാർ ഉത്തരവ്

# ബുധനാഴ്ചകളിൽ ജീവനക്കാർക്ക് ഖാദി വസ്ത്രം

കൈത്തറി/ ഖാദി മേഖലക്ക് പുതിയ ഊർജ്ജം പകരുന്ന ഉത്തരവാണ് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. സർക്കാർ, അർധസർക്കാർ ജീവനക്കാർ, അധ്യാപക-അനധ്യാപകർ, പൊതുമേഖലാ ജീവനക്കാർ തുടങ്ങിയവർ എല്ലാ ബുധനാഴ്ചകളിലും കൈത്തറി / ഖാദി വസ്ത്രം ധരിക്കണമെന്നാണ് ഉത്തരവിലൂടെ നിർദേശിച്ചിരിക്കുന്നത്.

കോവിഡ് പ്രതിസന്ധി വലിയ ആഘാതമേൽപ്പിച്ച മേഖലയാണ് കൈത്തറിയും ഖാദിയും. അത് മറികടക്കാൻ സർക്കാർ എല്ലാ സാധ്യതകളും ഉപയോഗിക്കുന്നുണ്ട്. പുതിയ ഫാഷൻ ട്രെന്റുകൾ കൈത്തറിയിലും ഖാദിയിലും പ്രതിഫലിക്കും വിധം ഫാഷൻ ഡിസൈനർമാരുടെ സേവനം ഉപയോഗിക്കാൻ ഖാദി ബോർഡ് തീരുമാനിച്ചിരുന്നു.

പുതിയ ബ്രാന്റുകൾ പുറത്തിറക്കി ഏവർക്കും ഇഷ്ടപ്പെടാവുന്ന വസ്ത്രങ്ങളായി കൈത്തറി ഖാദി വസ്ത്രങ്ങൾ മാറുന്നുണ്ട്. ദേശീയതയുടെ പ്രതീകം കൂടിയായ കൈത്തറി-ഖാദി വസ്ത്രങ്ങൾ ഉപയോഗിക്കുന്നതിലൂടെ അതിജീവന സമരം നയിക്കുന്ന തൊഴിലാളിയെ സഹായിക്കുക കൂടിയാണ് നാം ചെയ്യുന്നത്. ഈ ഉത്തരവ് എല്ലാ അർത്ഥത്തിലും ഏറ്റെടുത്ത് ജനകീയമാക്കാൻ സംസ്ഥാന വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി.രാജീവ് അഭ്യർത്ഥിച്ചു


കേരള സർക്കാർ
പൊതുഭരണ (ഏകോപനം) വകുപ്പ്

തീയതി, തിരുവനന്തപുരം, 11.01.2022

സർക്കുലർ

ഡോ. വി.പി. ജോയ്
ചീഫ് സെക്രട്ടറി



# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

കയർ വ്യവസായം

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ – 400 രൂപ
ഒറ്റപ്രതി – 40 രൂപ

| **പരസ്യനിരക്ക്** (സൈസ് ഡമ്മി 1/4) | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ – 688012
ഫോൺ – 0477 2243628/29




## രാജ്യത്തിന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിൽ

# കേരളത്തിന്റെ പങ്ക് കരുത്തുറ്റത്

**രാ**ജ്യത്തിന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിൽ കേരളത്തിന്റെ പങ്ക് കരുത്തുറ്റതാണ്. അടിസ്ഥാന സൗകര്യ വികസനത്തിലും കണക്റ്റിവിറ്റിയിലും കേരളം വലിയ പുരോഗതി കൈവരിച്ചു. ആരോഗ്യ രംഗത്തും സദ്ഭരണ സൂചികയിലും രാജ്യത്തെ മുൻനിര സംസ്ഥാനമാകാൻ കേരളത്തിനു കഴിഞ്ഞു. നീതി ആയോഗിന്റെ ആരോഗ്യ സൂചകങ്ങളിൽ തുടർച്ചയായ നാലാം വർഷവും കേരളം ഒന്നാമതെത്തി. സദ്ഭരണ സൂചികയിൽ രാജ്യത്തെ അഞ്ചാം സ്ഥാനവും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാമതെത്തിയതും മികച്ച നേട്ടമാണ്.

ഭരണത്തിൽ സുതാര്യത ഉറപ്പാക്കാൻ സർക്കാർ സേവനങ്ങൾ ഒറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെയാക്കിയതും കൂടുതൽ മേഖലകളിലേക്ക് ഇ-സേവനങ്ങൾ വ്യാപിപ്പിക്കുന്നതും ശ്രദ്ധേയമാണ്. ദേശീയ പാതകളും ജലപാതകളും ഗ്യാസ് പൈപ്പ് ലൈനുകളും കമ്മിഷൻ ചെയ്തതിലൂടെ അടിസ്ഥാന സൗകര്യ, കണക്റ്റിവിറ്റി മേഖലകളിൽ വലിയ പുരോഗതി നേടാനായി.

സാക്ഷരതയിലും ആരോഗ്യ മേഖലയിലും സ്കൂൾ വിദ്യാഭ്യാസ രംഗത്തും കേരളം കൈവരിച്ച പുരോഗതിയും മാതൃകകളും ഉന്നത വിദ്യാഭ്യാസ മേഖലയിലും നേടേണ്ടതുണ്ട്. മികച്ച നിലവാരമുള്ള ഉന്നത വിദ്യാഭ്യാസ, ഗവേഷണ സ്ഥാപനങ്ങളുടെ ശക്തമായ ശൃംഖല കെട്ടിപ്പടുക്കാൻ കഴിയണം. ഇതുവഴി ദേശീയ വിദ്യാഭ്യാസ നയത്തിൽ രാജ്യം വിഭാവനം ചെയ്യുന്ന രീതിയിൽ, ലോകത്തിന്റെ വിജ്ഞാന കേന്ദ്രമാക്കി ഇന്ത്യയെ മാറ്റുകയെന്ന സ്വപ്ന സാക്ഷാത്കാരത്തിനു നമുക്കും വലിയ പിന്തുണ നൽകാൻ കഴിയും.

സ്ത്രീധന പീഡനം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ വിചാരണ ചെയ്യാൻ പ്രത്യേക കോടതികൾ സ്ഥാപിക്കാനുള്ള കേരളത്തിന്റെ തീരുമാനം സ്ത്രീധനം പോലുള്ള ദുരാചാരങ്ങൾ തുടച്ചുനീക്കി ലിംഗനീതി ഉറപ്പാക്കാനുള്ള ശ്രമങ്ങളുടെ പ്രത്യക്ഷ ഉദാഹരണമാണ്. കോവിഡിന്റെ മൂന്നാം തരംഗം പ്രതിരോധിക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. ജനസംഖ്യയുടെ 80 ശതമാനം പേർക്കു വാക്സിൻ നൽകി ഫലപ്രദമായ വാക്സിനേഷൻ ഡ്രൈവിനു നേതൃത്വം നൽകാൻ കഴിഞ്ഞു. ശിശുമരണ നിരക്ക് ആറിലേക്ക് കുറയ്ക്കാനായതും ക്ഷയരോഗ ബാധിതരുടെ എണ്ണത്തിൽ 7.5 ശതമാനം വാർഷിക കുറവ് രേഖപ്പെടുത്താൻ കഴിഞ്ഞതും കേരളത്തിന്റെ നേട്ടമാണ്.

***(തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന സംസ്ഥാനതല റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിലെ ഗവർണറുടെ റിപ്പബ്ലിക്ദിന സന്ദേശത്തെ അധികരിച്ചു തയ്യാറാക്കിയത്)***

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കയർ ഫെഡ് ഉൽപ്പാദിപ്പിക്കുന്ന പ്രകൃതി സൗഹൃദ ചെടിച്ചട്ടി ('കൊക്കോ പോട്ട്') കാർഷികാനുബന്ധ പ്രോജക്ടുകൾക്കായി ടെൻഡർ / കൊട്ടേഷൻ കൂടാതെ വാങ്ങുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് ഉപാധികളോടെ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.52/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/01/2022

---

പരാമർശം:-

1. കയർഫെഡ് പ്രസിഡന്റിന്റെ 15.06.2020 ലെ സി.എഫ്./ പി.ഡി.റ്റി./ 2020 നമ്പർ കത്ത്
2. പഞ്ചായത്ത് ഡയറക്ടറുടെ 20.09.2020-ലെ PAN/9244/2020-J4(DP) നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2020ൽ നടന്ന യോഗത്തിന്റെ തീരുമാനം 4.22

**ഉത്തരവ്**

പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമായ കയർഫെഡ് വിപണിയിൽ എത്തിച്ചിട്ടുള്ള പ്രകൃതി സൗഹൃദ ചെടിച്ചട്ടിയിൽ ('കൊക്കോ പോട്ട്') കൃഷി ചെയ്യുന്നതിന് എല്ലാ തദ്ദേശസ്ഥാപനങ്ങളും പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകണമെന്ന് കയർഫെഡ് പ്രസിഡന്റ് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്ലാസ്റ്റിക് നിർമ്മിതമായ ഗ്രോബാഗിനു പകരം കയർഫെഡ് വിപണിയിൽ എത്തിച്ചിട്ടുള്ള പ്രകൃതി സൗഹൃദ ചെടിച്ചട്ടിയായ 'കൊക്കോ പോട്ട്' ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി, ടി ഉല്പന്നത്തിന്റെ ഉല്പാദനം ആരംഭിച്ച് അഞ്ചു വർഷം പൂർത്തിയാക്കുന്നതുവരെയുള്ള കാലയളവിൽ സ്റ്റോർസ് പർച്ചേയ്സ് മാന്വലിലെ ഖണ്ഡിക 9.22 ലെ വ്യവസ്ഥകൾ പ്രകാരം നിലവിലുള്ള മാർക്കറ്റ് റേറ്റിനേക്കാൾ വാങ്ങൽ നിരക്ക് അധികരിക്കുന്നില്ല എന്ന സാക്ഷ്യപത്രം ഉൾപ്പെടുത്തി, കൃഷി പോലുള്ള പ്രോജക്ടുകൾക്കായി പ്രകൃതി സൗഹൃദ ചെടിച്ചട്ടികൾ ('കൊക്കോ പോട്ട്') ടെൻഡർ കൂടാതെ കയർഫെഡിൽ നിന്നും വാങ്ങുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. ചെയർമാൻ, കയർഫെഡ്, ആലപ്പുഴ
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
14. ഡയറക്ടർ ജനറൽ, കില
15. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
17. സ്റ്റോഴ്സ് പർച്ചേസ് വകുപ്പ്
18. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkum
Date: 10-01-2022 13:2
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

# വിശിഷ്ട സേവനത്തിന് വിരാമം





## എസ്. ഷീല

കയർഫെഡ് ഇന്റേണൽ ആഡിറ്റ് ഓഫീസറും പെഴ്സണൽ മാനേജരുടെ അധിക ചുമതലയും വഹിച്ചിരുന്ന എസ്. ഷീല 29 വർഷത്തെ സേവനത്തിനുശേഷം സർവീസിൽ നിന്നും വിരമിച്ചു. സി.പി.എം ആലപ്പുഴ ജില്ലാ സെക്രട്ടറിയും കയർ കോർപ്പറേഷൻ മുൻ ചെയർമാനുമായ ആർ. നാസറിന്റെ ഭാര്യയാണ്.

കയർഫെഡിന്റെ ആലപ്പുഴ ആർ.സി.പി യൂണിറ്റിലും കണിച്ചുകുളങ്ങര പി.വി.സി ടഫ്റ്റഡ് യൂണിറ്റിലും ആലപ്പുഴ ഹെഡാഫീസിലുമായി ദീർഘമായ സേവന ചരിത്രമാണ് ഷീലക്കുള്ളത്. കയർഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലും വ്യാപാരം വിപുലപ്പെടുത്തുന്നതിലും ആത്മാർത്ഥമായ പ്രവർത്തനമാണ് കാഴ്ചവെച്ചിട്ടുള്ളത്.

## കെ.എസ്. പ്രകാശ്

കയർഫെഡ് ഡെപ്യൂട്ടി ഫിനാൻസ് മാനേജരായിരുന്ന കെ.എസ്. പ്രകാശ് 29 വർഷത്തെ സേവനത്തിനുശേഷം സർവീസിൽ നിന്നും വിരമിച്ചു. കയർഫെഡിന്റെ ആലപ്പുഴ ഹെഡാഫീസിൽ ഫിനാൻസ് ഡിവിഷനിലും യാൺ ഡിവിഷനിലും ദീർഘമായ സേവന ചരിത്രമാണ് കെ.എസ്. പ്രകാശിനുള്ളത്.

കയർഫെഡിന്റെ സാമ്പത്തികാസൂത്രണവും വിനിമയവും സൂക്ഷ്മമായി കൈകാര്യം ചെയ്യുന്നതിൽ ആത്മാർത്ഥമായ പ്രവർത്തനമാണ് അദ്ദേഹം കാഴ്ചവെച്ചിട്ടുള്ളത്. കെ.എസ്. പ്രകാശ് ദീർഘകാലം കയർഫെഡിന്റെ ഫൈനാൻസ് മാനേജരുടെ അധിക ചുമതലയും നിർവഹിച്ചിരുന്നു. തൊടുപുഴ സ്വദേശിയാണ്.



## റ്റി.എം. വിനോദ്കുമാർ

**ക**യർഫെഡിന്റെ ആലപ്പുഴ റബ്ബർ ബാക്കഡ് ഫാക്ടറിയിൽ സെമി സ്കിൽഡ് വർക്കർ ആയി 02.08.1989 ൽ ജോലിയിൽ പ്രവേശിച്ച റ്റി.എം. വിനോദ്കുമാർ 32 വർഷത്തെ സേവനത്തിനുശേഷം കയർഫെഡ് പ്രൊഡക്ഷൻ സൂപ്പർവൈസർ തസ്തികയിൽ വിരമിച്ചു.

വിനോദ്കുമാർ കയർഫെഡിന്റെ മെത്ത നിർമാണ ഫാക്ടറിയായ ആലപ്പുഴ ആർ.സി.പി യൂണിറ്റ്, കണിച്ചുകുളങ്ങര പി.വി.സി ടഫ്റ്റഡ് യൂണിറ്റ്, ആലപ്പുഴ സെന്റർ സ്റ്റോർസ് എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചു. വിരമിക്കുമ്പോൾ കയർഫെഡിന്റെ ആലപ്പുഴ സെന്റർ സ്റ്റോർസ് മാനേജരായി പ്രവർത്തിച്ചു വരികയായിരുന്നു.

പ്രവർത്തിച്ച യൂണിറ്റുകളിലും ഓഫീസുകളിലും കയർഫെഡിന്റെ പുരോഗതിക്കായി സുത്യർഹമായ പ്രവർത്തനമാണ് അദ്ദേഹം കാഴ്ചവച്ചിട്ടുള്ളത്.


# ആദരാഞ്ജലികൾ

## മാധ്യമപ്രവർത്തകൻ ഇ. സോമനാഥ്




പ്രശസ്ത മാധ്യമപ്രവർത്തകൻ ഇ സോമനാഥിന്റെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു. തെരഞ്ഞെടുപ്പ്, രാഷ്ട്രീയ വിഷയങ്ങളിൽ വളരെ ആഴത്തിലുള്ള അറിവിനുടമയായിരുന്നു. 30 വർഷത്തോളം കാലം നിയമസഭാ റിപ്പോർട്ടിംഗ് നടത്തി. അദ്ദേഹത്തിന്റെ രാഷ്ട്രീയ ലേഖനങ്ങൾ പലതും അവയിൽ ഉൾക്കൊള്ളിച്ച വിവരങ്ങളുടെ വ്യാപ്തിയാൽ മികച്ചുനിന്നു. ഓരോ ലേഖനത്തിന് വേണ്ടിയും അദ്ദേഹം നടത്തിയ ഗവേഷണ പരിശ്രമങ്ങൾ വായനക്കാരനും ഇ. സോമനാഥെന്ന പേര് പരിചിതമാക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ആദരാഞ്ജലികൾ നേരുന്നു.

## എസ്. ശശി



സഖാവ് ഇ.എം. എസിന്റെ മകൻ എസ് ശശിയുടെ പെട്ടെന്നുണ്ടായ മരണം വേദനാജനകമാണ്. ദേശാഭിമാനി പത്രത്തിന്റെ ചീഫ് അക്കൗണ്ട്സ് മാനേജരായി പ്രവർത്തിച്ച അദ്ദേഹം പത്രത്തിന്റെ വളർച്ചക്ക് നൽകിയ സംഭാവനകൾ വിലപ്പെട്ടതായിരുന്നു. കേരളത്തിലെ ദേശാഭിമാനി പത്രത്തിന്റെ എല്ലാ യൂണിറ്റുകളിലും പ്രവർത്തിച്ച ശശി തൃശൂർ യൂണിറ്റ് ആരംഭിച്ചതിന് ശേഷം അങ്ങോട്ടേക്ക് മാറിയിരുന്നു. ലളിതമായ ജീവിതം നയിച്ച അദ്ദേഹത്തിന്റെ മരണത്തിൽ ആദരാഞ്ജലികൾ നേരുന്നു.

## പണ്ഡിറ്റ് ബിർജൂ മഹാരാജ്



കഥക് ഇതിഹാസമായ പണ്ഡിറ്റ് ബിർജൂ മഹാരാജിന്റെ മരണം കലാലോകത്ത് സൃഷ്ടിക്കുന്നത് നികത്താനാകാത്ത ഒരു വിടവാണ്. സമാനതകളില്ലാത്ത തലത്തിലായിരുന്നു കഥക് നൃത്തരംഗത്ത് അദ്ദേഹം തന്റെ സ്ഥാനം ഉറപ്പിച്ചിരുന്നത്. പിതാവിൽ നിന്ന് ബാലപാഠങ്ങൾ പഠിച്ച് ഓരോ വേദികൾ കയറുമ്പോഴും കഥകിന്റെ മാസ്മരിക ലോകത്ത് തരംഗങ്ങൾ സൃഷ്ടിച്ച് അദ്ദേഹം ഉയരങ്ങളിലേക്ക് സഞ്ചരിച്ചു. പത്മഭൂഷണും പത്മ വിഭൂഷണും ഉൾപ്പെടെയുള്ള നിരവധി ബഹുമതികൾ ആ വഴിയിൽ അദ്ദേഹത്തെ തേടിയെത്തി. പകരം വെക്കാനില്ലാത്ത മറ്റൊരു മഹദ് വ്യക്തി കൂടി അരങ്ങൊഴിഞ്ഞിരിക്കുന്നു. കഥക് ഇതിഹാസമായ പണ്ഡിറ്റ് ബിർജു മഹാരാജിന്റെ മരണത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## പ്രൊഫ. എം.കെ. പ്രസാദ്



പ്രൊഫ. എം കെ പ്രസാദ് മാഷിന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു. ബഹുജനങ്ങളിൽ പാരിസ്ഥിതികാവബോധം സൃഷ്ടിക്കുന്നതിലും പരിസ്ഥിതി പ്രശ്നങ്ങൾ ദൈനംദിന വ്യവഹാരങ്ങളുടെ കേന്ദ്ര സ്ഥാനത്തേക്ക് പ്രതിഷ്ഠിക്കുന്നതിലും മാഷുടെ ഇടപെടലുകൾ കേരളത്തിന് ദിശാബോധം പകർന്നു. ഒട്ടേറെ പരിസ്ഥിതി കാമ്പെയിനുകളിൽ നേതൃപരമായ പങ്ക് വഹിച്ചു അദ്ദേഹം. ദീർഘകാലം വിദ്യാഭ്യാസ രംഗത്തെ ഉന്നത പദവികൾ വഹിച്ച അദ്ദേഹം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പ്രോ വി.സി. ആയും മഹാരാജാസ് കോളേജ് പ്രിൻസിപ്പലായും പ്രവർത്തിച്ചു. തലമുറകൾക്ക് സ്വജീവിതത്തിലൂടെ വെളിച്ചം വീശിയ പ്രൊഫ. എം.കെ. പ്രസാദിന്റെ നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## എസ്. രമേശൻ



പ്രശസ്ത കവിയും സാംസ്കാരിക-രാഷ്ട്രീയ മേഖലകളിലെ നേതൃസാന്നിധ്യവുമായിരുന്ന എസ്. രമേശന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു. മഹാരാജാസ് കോളേജിൽ സർഗാത്മക വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിന്റെ മാതൃകകൾ സൃഷ്ടിച്ച അദ്ദേഹം കോളേജ് യൂണിയൻ ചെയർമാനായിരുന്നു. പുരോഗമന കലാസാഹിത്യ സംഘം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, എറണാകുളം പബ്ലിക് ലൈബ്രറി, കേരള ഗ്രന്ഥശാലാ സംഘം എന്നിവയുടെ നേതൃനിരയിൽ പ്രവർത്തിക്കുമ്പോൾ മലയാളിയുടെ സാംസ്കാരിക ജീവിതത്തെ സ്വാധീനിക്കുന്ന ഇടപെടലുകൾ അദ്ദേഹം നടത്തി.

കൊച്ചിയിലെ കൃതി ഫെസ്റ്റിവൽ കേരളത്തിലെ ഏറ്റവും വലിയ പുസ്തകമേളയാക്കി മാറ്റുന്നതിലും അദ്ദേഹത്തിന്റെ പങ്ക് അദ്വിതീയമാണ്. ഗ്രന്ഥാലോകത്തിന്റെ മുഖ്യ പത്രാധിപർ, സാംസ്കാരിക മന്ത്രിയായിരുന്ന ടി.കെ. രാമകൃഷ്ണന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. സാംസ്കാരിക രംഗത്ത് നിറ സാന്നിധ്യമായിരുന്ന അദ്ദേഹത്തിന് ആദരാഞ്ജലികൾ നേരുന്നു.

Coirfed

## പാരമ്പര്യത്തിന്റെ കൃത്യതയും പ്രകൃതിയുടെ സൗഭാഗ്യവും ചേർന്ന കയർഫെഡ് ഉൽപ്പന്നങ്ങൾ







മെത്തകൾ | കയർ മാറ്റ് | കയർ മാറ്റിംഗ്സ് | കയർ ടൈൽസ് | കൊക്കോഫെർട്ട് | കൊക്കോപിത്ത് ബ്രിക്കറ്റ് | ജിയോ ടെക്സ്റ്റൈൽസ്

THE KERALA STATE CO-OPERATIVE COIR MARKETING FERDERATION Ltd. No.679, P.B.No.4616, Alappuzha, Kerala, India
Website: www.coirfed.com, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed2gmail.com
Tel: 0477 2243627, 2243628, 2243629, 2244109(D)

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 31-01-2022, January 2022




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705